താമരമൊട്ടുകൾ

വാല്യം 27 | നവംബർ 2025 | ലക്കം 11 | Price ₹ 20

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

Bishop's Programme

November 2025

01 - 12		Abroad
13	06.45	Vettilappara
	10.00	Paropady
	19.00	Thamarassery
14	10.00	Engapuzha
	15.00	Karuvarakundu
	18.00	Pullurampara
15	09.00	Ponmudy
16	17.00	Nenmini
17	10.30	Vilakkannur
	18.30	Korangad
18	10.30	Thamarassery
	17.00	Vilangad
	19.00	Pullanjimedu
19	15.00	Mukkam
	17.00	Thottumukkam
	18.00	Vettilappara
20	17.30	Kozhikode
21	06.30	Chevayur
	09.00	Kozhikode
	10.00	Kanjirapally
	18.30	Pullurampara
23		Chappenthottam
24	11.00	Vettilappara
24 - 26		Velankanni
27	10.00	Thalassery
	18.30	Thamarassery
28	17.00	Kunnamangalam
29		Ramapuram
30	07.00	Manjumala
	15.00	Kulathuvayal
	17.00	Kattippara

വാല്യം 27 താമരമൊട്ടുകൾ നവംബർ 2025 ലക്കം 11

താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)

താമരശ്ശേരി രൂപതയുടെ

അഭിനന്ദനങ്ങളും പ്രാർത്ഥനകളും

Mar Sebastian Vaniyapurackal
Metropolitan Archbishop of Kalyan

Mar Antony PrincePanengadan
Metropolitan Archbishop of Shamshabad

Mar Kuriakose Bharanikulangara
Metropolitan Archbishop of Faridabad

Mar Sebastian Vadakkel
Metropolitan Archbishop of Ujjain

Mar Joseph Thachaparambath
Bishop of Adilabad

Rev. Msgr. Antony Kattiparambil
Bishop Elect of Cochin

ജൂബിലി നിറവിൽ

ഫാ. എബ്രഹാം
കാവിൽപുരയിടത്തിൽ
26.12.2000

ഫാ. ജോർജ്ജ്
കളത്തൂർ
27.12.2000

ഫാ. ജോസ്
പെണ്ണാപറമ്പിൽ
27.12.2000

ഫാ. ആന്റോ ജോൺ
മുലയിൽ
28.12.2000

ഫാ. ജോസഫ്
മുകളേപറമ്പിൽ
29.12.2000

ഫാ. ജോസ്
പുത്തേട്ടുപടവിൽ
30.12.2000

ഫാ. ഫ്രാൻസിസ്
കൊച്ചുമുണ്ടൻമലയിൽ
13.01.2001

ഫാ. ആന്റണി
ചെന്നിക്കര
16.04.2001

ഇതളുകൾ വിരിയുമ്പോൾ

1. ആശംസകൾ 782
2. പ്രോഗ്രാം നവംബർ 2025 783
3. അവകാശ സംരക്ഷണയാത്ര 784
4. ഫോട്ടോഗ്രാഫേഴ്സ് /വീഡിയോഗ്രാഫേഴ്സിന് നൽകുന്ന നിർദേശങ്ങൾ 787
5. ഹൃദയപൂർവം 06/2025 789
6. കച്ചേരിക്കാര്യം 792
7. പാവനസ്മരണയ്ക്ക് 794
8. ആദരാഞ്ജലികൾ 795
9. പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് 796
10. വിശ്വാസപരിശീലനം 802
11. കെസിവൈഎം - എസ്എംവൈഎം 805
12. കുടുംബകൂട്ടായ്മ 806
13. ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം 807
14. സെമിനാരി വാർത്തകൾ 810
15. മദ്ബഹ ശുശ്രൂഷാസംഘം (സ്മാർട്ട്) 811
16. എയ്ഡർ എഡ്യൂകെയർ 812
17. സ്റ്റാർട്ട് 813
18. ബൈബിൾ അപ്പോസ്തോലേറ്റ് 814
19. കരിസ്മാറ്റിക് മൂവ്മെന്റ് 815
20. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് 815
21. പ്രവാസി അപ്പോസ്തോലേറ്റ് 816
22 മരിയൻ പ്രോലൈഫ് മൂവ്മെന്റ് 817
23. വികസനവേദി 818
24. ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി 822
25. ബഥാനിയ ധ്യാനകേന്ദ്രം 825
26. കരുണാദവൻ 827
27. യേശുനിധി 828
28. അജപാലനകുറിപ്പുകൾ 829

Birthday Greetings

Rev. Fathers

Kalapurackal Thomas	4
Muringayil Sebastian	4
Thevadiyil Thomas	8
Vallikunnel James	8
Embrayil Sebastian (Sr.)	11
Veliyath Kurian	11
Panamattamparambil Sebastian	12
Poovathinkal Paul	12
Kiliyanparambil Joseph	13
Koramkottu Mathew	14
Puthenveettil Kurakose	15
Pulimoottil Mathew (Sr.)	17
Kalariparambil John	20
Chundayil Joseph	20
Kavalakkattu Sebastian	21
Poriath Thomas	22
Kavil Rony Paul	28

Feast Day Greetings

Rev. Fathers

Mangarayil Scaria	5
Nedumala Zacharias	5
Ponganpara Cheriyan	5
Thundathil Scaria	5

Mar Remigiose Inchananiyil

പ്രോഗ്രാം നവംബർ 2025

01	ശനി	**സകല വിശുദ്ധരുടെയും തിരുനാൾ**
		സകല മരിച്ചവരുടെയും ഓർമ
04	തിങ്കൾ	വി. ചാൾസ് ബൊറോമിയോ
05	ബുധൻ	വി. സഖറിയായും, വി. ഏലീശ്വായും
11	ചൊവ്വ	**ചരമദിനം : ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004)**
21	വെള്ളി	മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം
23	ഞായർ	**മിശിഹായുടെ രാജത്വത്തിരുന്നാൾ**
		ചരമദിനം : ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011)
29	ശനി	അന്ത്രയോസ് ശ്ലീഹ

സർക്കുലർ 25/2025

അവകാശ സംരക്ഷണ യാത്ര

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

സങ്കീർണ്ണവും സംഘർഷഭരിതവും സമാധാന ജീവിതത്തെ നശിപ്പിക്കുന്നതുമായ ജീവിത ചുറ്റുപാടുകളിലൂടെയാണ് നമ്മുടെ സമുദായവും പൊതുസമൂഹവും ഇന്ന് കടന്നുപോകുന്നത്. അതിവിക സനത്തിന്റെ ആർപ്പുവിളികൾക്കപ്പുറം സാധാരണ മനുഷ്യന്റെ ജീവിത പരിസരങ്ങൾ പ്രക്ഷുബ്ദവും പ്രശ്നസങ്കീർണ്ണവും പ്രയാസകരവുമായി തീർന്നിരിക്കുന്നു; അവർ ഇന്ന് അരക്ഷിതരും അസംതൃപ്തരുമാണ്. ഭരണകൂടങ്ങളൊന്നും പ്രീണന തന്ത്രങ്ങൾക്കപ്പുറം വൈവിധ്യങ്ങളുടെ സൗന്ദര്യത്തെ അതിന്റെ തനിമയിൽ ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യത്തെയും ജനാഭിലാഷങ്ങളെയും സംരക്ഷിച്ച് ശക്തി പ്പെടുത്താനുള്ള ഗൗരവമായ ശ്രമങ്ങൾ നടത്തുന്നില്ല എന്നതും നമ്മെ ആശങ്കാകുലരാക്കുന്നുണ്ട്.

ഭവന-കാർഷിക-വിദ്യാഭ്യാസ-വാഹന വായ്പകളുടെ കെണിയിൽ പ്പെട്ട അനേകം കുടുംബങ്ങൾ, അതിരൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മ, ഒഴിവുകൾ നികത്താതിരിക്കൽ, വിദേശ കുടിയേറ്റം, ഒറ്റപ്പെട്ട് കഴിയുന്ന മാതാപിതാക്കൾ, കൃഷിതകർച്ച, വിപണിയിലും വിലയിലും ഉറപ്പില്ലാത്ത കാർഷിക ഉത്പ്പന്നങ്ങൾ, നാടും ജീവനും കവരുന്ന വന്യമൃഗങ്ങൾ, മദ്യ-മയക്കുമരുന്ന് ലോബികൾ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക മേഖലകളിലെ തളർച്ച എന്നിവ നമ്മുടെ സമൂഹത്തെയും മാനവപുരോഗതിയെയും ഈ വർത്തമാനകാലത്ത് പുറകോട്ട് നയിക്കുകയാണ്.

ക്രൈസ്തവ സമുദായത്തിന്റെ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇന്നും കാണാമറയത്താണ്. വർഗീയമായ പ്രീണന നയങ്ങളും ക്രൈസ്തവ സമുദായത്തോടുള്ള വിവേചനവും നമ്മുടെ ആശങ്കയാണ്. നമ്മുടെ ഉപജീവന രംഗം പ്രധാനമായും കൃഷിയാണല്ലോ. നിരാശജനകമായ മലയോര കാർഷിക മേഖലയുടെ ഉയിർത്തെഴുന്നേൽപ്പിന് വേണ്ട സഹായങ്ങൾ ബന്ധപ്പെട്ടവരിൽനിന്ന് നമുക്കുലഭിക്കുന്നില്ല. കാലഹരണപ്പെട്ട തൊഴിൽ സംവരണ നിയമങ്ങളിലെ അശാസ്ത്രീയത സമുദായത്തിന് വെല്ലുവിളിയാണ്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിഷേധാത്മക സമീപനം ആയിര ക്കണക്കിന് ചെറുപ്പക്കാരുടെ ജീവിത സ്വപ്നങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു. അപകവും അബദ്ധജഡിലവുമായ

പ്രസ്താവനകൾ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നുണ്ടാകുന്നതും വേദനാജനകമാണ്. വിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും തടസ്സപ്പെടുത്തുകയും വൈദികരും സന്യസ്തരും കയ്യേറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന അപകടകരമായ സാഹചര്യം നമ്മൾ ക്രൈസ്തവരെ വ്രണിത ഹൃദയരാക്കുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമ്പത്തിക-സാമൂഹ്യസുരക്ഷ ഒരുക്കുന്ന ശുശ്രൂഷാ മേഖലകളിലും അമിത നിയന്ത്രണങ്ങളുടെ ഭാരമാണ് നാം നേരിടുന്ന മറ്റൊരു പ്രതിസന്ധി.

പ്രതികൂലങ്ങളുടെ നടുവിൽ അതിരാവിലെ തന്നെ കല്ലറയിങ്കലേക്ക് ഓടിയ മഗ്ദലനമറിയത്തിന്റെ വിശ്വാസ തീഷ്ണതയിൽ (യോഹ 20,1) നാം ഇറങ്ങിത്തിരിക്കേണ്ട സമയമാണിത്. വാചകമേളയിൽ നിന്ന് പ്രവർത്തിരൂപത്തിലേക്ക് വളരാൻ ഭരണാധികാരികളെ നിർബന്ധിക്കുന്ന ജനാതിപത്യ പോരാട്ട മാർഗ്ഗങ്ങളിലൂടെ ഒരേ ശബ്ദമായി നാം ഒത്തുചേരണം. സീറോ മലബാർ സഭയുടെ മുഖമായി പൊതുമണ്ഡല ത്തിൽ വർത്തിക്കുന്ന കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് നാം അവകാശ സംരക്ഷണയാത്ര നടത്തുകയാണ്. 'നീതി ഔദാര്യമല്ല അവകാശമാണ്' എന്ന മുദ്രാവാക്യം ഉയർത്തി ഒക്ടോബർ 13 മുതൽ 24 വരെ നടത്തുന്ന യാത്രയ്ക്ക് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ നേതൃത്വം നൽകും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി കാസർഗോഡ് പാണത്തൂരിൽ ഉദ്ഘാടനം ചെയ്യുന്ന അവകാശ സംരക്ഷണ യാത്ര എല്ലാ ജില്ലകളിലൂടെയും കടന്നുപോകുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സാമുദായിക-സാമൂഹ്യ സംഘടനകളുടെ നേതാക്കളും വിവിധ ഇടങ്ങളിലെ ജാഥാ പ്രയാണത്തിൽ പങ്കാളികളാകുന്നുണ്ട്.

ഒക്ടോബർ 16 വ്യാഴാഴ്ച താമരശ്ശേരി രൂപതയിൽ പ്രവേശിക്കുന്ന അവകാശ സംരക്ഷണ യാത്രയുടെ രൂപതയിലെ ആദ്യ സ്വീകരണം മരുതോങ്കരയിൽ രാവിലെ 8 മണിക്കാണ്. തുടർസമ്മേളനങ്ങൾ 9.15 കൂരാച്ചുണ്ട്, 10.30 താമരശ്ശേരി, 12.15 കോടഞ്ചേരി, 2.15 തോട്ടുമുക്കം എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. തിരുവമ്പാടിയിൽ വൈകുന്നേരം 4.30 ന് അവകാശ സംരക്ഷണ റാലിയെ തുടർന്ന് നമ്മൾ ഒന്നിച്ച് അണിചേരുന്ന പൊതു സമ്മേളനത്തിൽ ആയിരങ്ങൾ പങ്കുചേരുന്നു.

ഐക്യത്തിന്റെ സന്ദേശം പകർന്ന് സമുദായാംഗങ്ങളെ സാഹോദര്യത്തിൽ അണിനിരത്തി സഭയുടെ ശബ്ദമാകാൻ കത്തോലിക്ക കോൺഗ്രസ് ഏറ്റെടുത്തിരിക്കുന്ന ഈ വലിയ ദൗത്യത്തിൽ നമ്മുടെ രൂപതയിലെ എല്ലാവരുടേയും പിന്തുണയും സാന്നിധ്യവും ഉണ്ടാകണമെന്ന് ഞാൻ

അഭ്യർഥിക്കുന്നു. സമൂഹത്തെ പൊതുവായും സമുദായത്തെ പ്രത്യേകമായും ബാധിക്കുന്ന പ്രശ്നങ്ങളെ നാടിന്റെ ശബ്ദമായി നാം ഏറ്റെടുക്കുമ്പോൾ സങ്കുചിത താത്പര്യങ്ങൾ പരിഗണിക്കാതെ, മുതിർന്നവരും സ്ത്രീകളും യുവജനങ്ങളും ഉൾപ്പെടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും സാന്നിധ്യവും നിങ്ങളുടെ പ്രദേശത്തോട് അടുത്ത് നടക്കുന്ന അവകാശ സംരക്ഷണ ജാഥാ സമ്മേളനങ്ങളിൽ ഉണ്ടാകുമെന്ന് ഉറപ്പാക്കുമല്ലോ. നമുക്ക് വേണ്ടി ശബ്ദിക്കാൻ നാം മാത്രമേ ഉള്ളൂ എന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം. ബഹുമാനപ്പെട്ട വൈദികരും AKCC ഉൾപ്പെടെയുള്ള സമുദായ സംഘടനകളുടെ നേതൃത്വവും നൽകുന്ന നിർദ്ദേശങ്ങളോട് സർവാത്മന സഹകരിച്ച് നിലനിൽപ്പിനായുള്ള ഈ പോരാട്ടത്തെ വിജയത്തിലെത്തിക്കാൻ എല്ലാവരും ഒരേ മനസ്സോടെ പരിശ്രമിക്കണം.

ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്ക 1, 37) എന്ന ഉറച്ച ബോധ്യ ത്തോടെ തുല്യനീതിക്കും അവകാശങ്ങളുടെ സംരക്ഷണത്തിനുമായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് തന്റെ ജനത്തെ വാഗ്ദത്തനാട്ടിലേക്ക് നയിച്ച ദൈവം, അവകാശ സംരക്ഷണ യാത്രയിൽ നമുക്ക് ആശ്രയമായിരുന്ന് വിജയം നല്കട്ടെ. സമാധാന രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും രൂപതാമധ്യസ്ഥയായ വിശുദ്ധ അൽഫോൻസമ്മയുടെയും പ്രാർഥന സാമൂഹ്യനീതിക്കായുള്ള ഈ പ്രയാണത്തിൽ നമുക്ക് തുണയായി രിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

2025 ഒക്ടോബർ 12 ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.

Order N0 : 367/2025

സീറോ മലബാർ സഭയിലെ താമരശ്ശേരി രൂപതയുടെ മെത്രാൻ

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ഫോട്ടോഗ്രാഫേഴ്സ്/വീഡിയോഗ്രാഫേഴ്സിന്

നൽകുന്ന നിർദ്ദേശങ്ങൾ

1. ദൈവാലയ തിരുക്കർമ്മങ്ങൾക്ക് ഫോട്ടോഗ്രാഫേഴ്സ്/വീഡിയോ ഗ്രാഫേഴ്സ് ഉണ്ടെങ്കിൽ കുടുംബനാഥൻ/കുടുംബനാഥ മുൻകൂട്ടി ഇടവക വികാരിയെ അവരുടെ പേരുവിവരം അറിയിച്ചിരിക്കണം. വികാരിയച്ചൻ നൽകുന്ന നിർദ്ദേശങ്ങൾ കുടുംബനാഥൻ ഫോട്ടോ/വീഡിയോ ചിത്രീകരിക്കാൻ വരുന്നവരെ മുൻകൂട്ടി അറിയിക്കുകയും വേണം.

2. തിരുക്കർമ്മങ്ങളുടെ സമയത്ത് രണ്ടു ഫോട്ടോഗ്രാഫേഴ്സിനും രണ്ട് വീഡിയോ ഗ്രാഫേഴ്സിനും മാത്രമാണ് പള്ളിയകത്ത് ഫോട്ടോ ചിത്രീകരണത്തിന് അനുവാദം ഉള്ളത്.

3. ദൈവാലയ പരിശുദ്ധിക്ക് അനുയോജ്യമായ മാന്യമായ വസ്ത്രങ്ങൾ ധരിച്ചാണ് ഫോട്ടോഗ്രാഫേഴ്സ്/വീഡിയോ ഗ്രാഫേഴ്സ് ദൈവാലയത്തിൽ പ്രവേശിക്കേണ്ടത്. അവർ മദ്ബഹായിൽ പ്രവേശിക്കുവാൻ പാടില്ല.

4. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കുന്നതിന് ഫോട്ടോ ഗ്രാഫേഴ്സ്/വീഡിയോഗ്രാഫേഴ്സ് തടസ്സമാകരുത്. വളരെ അത്യാവശ്യമുള്ള ഫോട്ടോകൾ മാത്രം തിരുക്കർമ്മങ്ങൾക്കിടയിൽ എടുക്കാൻ ശ്രദ്ധിക്കണം. വചനവ്യാഖ്യാനം തടസ്സപ്പെടുത്തിക്കൊണ്ട് ചിത്രീകരണം പാടില്ല.

5. തിരുക്കർമ്മങ്ങളുടെ ഫോട്ടോയും വീഡിയോയും എടുക്കു മ്പോൾ തിരുക്കർമ്മങ്ങളോടും ദൈവാലയത്തോടും യാതൊരു അനാദരവും ഉണ്ടാകാൻ പാടില്ല.

6. തിരുക്കർമ്മാവസരങ്ങളിൽ ദൈവാലയത്തിൽ, ശക്തിയേറിയ ലൈറ്റുകളുടെ അകമ്പടിയോടെ വീഡിയോ/ഫോട്ടോ റെക്കോർഡിംഗ് നടത്താൻ അനുവാദമില്ല.

7. തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നവർക്ക്, അസൗകര്യമുണ്ടാകാതെ വേണം വീഡിയോ റെക്കോർഡിംഗും ഫോട്ടോഗ്രാഫിയും ചിത്രീകരിക്കാൻ. വിശ്വാസികൾ ശ്രദ്ധയോടെ പങ്കെടുക്കുന്നതിനെ

തടസ്സപ്പെടുത്തുന്ന വിധമുള്ള പെരുമാറ്റം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. (ഓടുക, പ്രസംഗ സമയത്ത് ഫോട്ടോ എടുക്കുക മുതലായവ)

8. തിരുക്കർമ്മങ്ങളുടെ സമയത്ത് ദൈവാലയത്തിൽ, വീഡിയോ/ഫോട്ടോ എടുക്കുന്നവർ ക്രൈസ്തവ വിശ്വാസികളാകുന്നതാണ് കൂടുതൽ അഭികാമ്യം. അക്രൈസ്തവരാണെങ്കിൽ വി. കുർബാനയെക്കുറിച്ചും തിരുക്കർമ്മങ്ങളുടെ പവിത്രതയെക്കുറിച്ചും അറിവുള്ളവരായിരിക്കണം.

9. തിരുക്കർമ്മങ്ങൾ കഴിഞ്ഞ് വളരെ അത്യാവശ്യം വേണ്ട ഫോട്ടോകൾ മാത്രമേ (പരമാവധി 5) ദൈവാലയത്തിൽവച്ച് എടുക്കാൻ പാടുള്ളു. ഈ സമയം ദൈവാലയത്തിലായിരിക്കുന്നവർ പരിപൂർണ്ണ നിശബ്ദത പാലിക്കണം.

10. തിരുക്കർമ്മങ്ങളുടെ സമയത്ത് ഫോട്ടോഗ്രാഫേഴ്സ് ഉണ്ടെങ്കിൽ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള ഫോട്ടോഗ്രാഫി പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ 2025 ഒക്ടോബർ 05 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഹൃദയപൂർവം 06/2025

അഭിവന്ദ്യ പിതാവിന്റെ കുട്ടികൾക്കുള്ള കത്ത്

പ്രിയ കൂട്ടുകാരേ,

എല്ലാവർക്കും സുഖമാണെന്ന് കരുതുന്നു. കഴിഞ്ഞ മാസം ജപമാല അർപ്പണത്തിന്റെ പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് എഴുതിയിരുന്നല്ലോ. ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടി ജപമാല ചൊല്ലി, വിശുദ്ധ കുർബാനയിൽ നിങ്ങൾ പങ്കെടുത്തോ? പഞ്ചാബിൽ മിഷൻ സെന്റർ ആരംഭിക്കാൻ പോകുന്ന കാര്യം കഴിഞ്ഞ കത്തിൽ സൂചിപ്പിച്ചിരുന്നല്ലോ.

ഒക്ടോബർ 6 മുതൽ 11 വരെ ഞാൻ വടക്കേ ഇന്ത്യയിൽ ആയിരുന്നു. കണ്ണൂരിൽ നിന്ന് ജബൽപൂർ വരെ വിമാനത്തിലും തുടർന്ന് കാറിലും യാത്ര ചെയ്ത് മധ്യപ്രദേശിലുള്ള സത്ന മേജർ സെമിനാരിയിൽ എത്തിച്ചേർന്നു. അന്ന് വൈകുന്നേരം സത്ന രൂപതാധ്യക്ഷൻ മാർ ജോസഫ് കൊടകല്ലിൽ പിതാവിനെ സന്ദർശിച്ചു. പിറ്റേദിവസം വൈദിക വിദ്യാർഥികൾക്കായി മേജർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ചില മിഷൻ സെന്ററുകൾ സന്ദർശിക്കുകയും ചെയ്തു. സത്നയിൽ നിന്ന് ട്രെയിൻ മാർഗ്ഗം ഡൽഹിയിലുള്ള ഫരീദാബാദ് രൂപതാ കേന്ദ്രത്തിൽ എത്തിച്ചേർന്നു. രൂപതാധ്യക്ഷൻ അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവുമായി പഞ്ചാബ് മിഷനെപറ്റി സംസാരിക്കുകയും ഞങ്ങൾ ഒരുമിച്ച് ട്രെയിൻ മാർഗ്ഗം പഞ്ചാബിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

വടക്കേ ഇന്ത്യയിലുള്ള വളരെ മനോഹരമായ ഒരു സംസ്ഥാനമാണ് പഞ്ചാബ്. ഫലഭൂയിഷ്ടമായ പരന്ന ഭൂപ്രദേശമാണിത്. വിവിധയിനം കൃഷികളും നല്ല ഗോതമ്പ് പാടങ്ങളും പഞ്ചാബിന്റെ സൗന്ദര്യമാണ്. അവിടെ ഒരു ചെറിയ മൊട്ടക്കുന്നുപോലും കാണാൻ സാധിച്ചില്ല. ഭൂരിഭാഗം പേരും സിക്കുമത വിശ്വാസികളും കൃഷിയിലാശ്രയിച്ച് ജീവിക്കുന്നവരുമാണ്. പ്രകൃതി സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള പഞ്ചാബ് യാത്ര നല്ലൊരു അനുഭവമായിരുന്നു.

പഞ്ചാബിലെ ബർണാലയിൽ നമ്മൾ പുതുതായി ആരംഭിച്ച മിഷൻ സെന്ററിലുള്ള വാടക വീട് അഭിവന്ദ്യ ഭരണികുളങ്ങര പിതാവിനോടും മറ്റു വൈദികരോടുമൊപ്പം ഒക്ടോബർ ഒമ്പതാം തീയതി വെഞ്ചിരിച്ച് വിശുദ്ധബലി അർപ്പിച്ചു. അന്നേ ദിവസം പതിനഞ്ചോളം ആളുകൾ വിശുദ്ധ ബലിയിൽ

പങ്കെടുത്തു. ഞാൻ അവിടെ ഏതു ഭാഷയിലാണ് വിശുദ്ധ കുർബാന അർപ്പിച്ചത് എന്നറിയാമോ? പഞ്ചാബി ഭാഷയിൽ. അതിശയപ്പെടേണ്ട! പഞ്ചാബി ഭാഷയിലുള്ള കുർബാന, മലയാളത്തിൽ തയ്യാറാക്കിയ കുർബാന പുസ്തകം അവിടെയുണ്ടായിരുന്നു. അത് ഉപയോഗി ച്ചാണ് പഞ്ചാബി ഭാഷയിൽ ഞാൻ വിശുദ്ധ കുർബാന അർപ്പിച്ചത്. എനിക്കതൊരു പുതിയ അനുഭവമായിരുന്നു. കുറച്ചു വിശ്വാസി കൾക്ക് ആദ്യകുർബാന നൽകാനും സാധിച്ചു. ആദ്യകുർബാന എന്ന് കേൾക്കുമ്പോൾ കുട്ടികളായിരിക്കും സ്വീകരിച്ചത് എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാകും. ആദ്യകുർബാന സ്വീകരിച്ച സംഘത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ആൾക്ക് 50 വയസ്സും ഏറ്റവും പ്രായം കൂടിയ ആൾക്ക് 75 വയസ്സിനും മുകളിലും പ്രായമുണ്ടായിരുന്നു. അവർ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നിട്ട് അധികമായിട്ടില്ല. അതുകൊണ്ടാണ് അവരുടെ ആദ്യകുർബാന താമസിച്ചത്. അവർക്കെല്ലാവർക്കും ഈശോയിൽ വലിയ വിശ്വാസമാണുള്ളത്.

ഒരു വ്യക്തിയോട് ഞാൻ ചോദിച്ചു; 'വിശ്വാസം സ്വീകരിച്ചതിനു ശേഷമുള്ള നിങ്ങളുടെ അനുഭവമെന്ത്'? വളരെ ആവേശത്തോടെയാണ് അദ്ദേഹം എന്നോട് മറുപടി പറഞ്ഞത്, 'ഇന്നുവരെ അനുഭവിക്കാത്ത ഒരു സമാധാനം വ്യക്തിപരമായി അനുഭവിക്കാൻ കഴിയുന്നുണ്ട്. മാത്രമല്ല കുടുംബ ജീവിതത്തിൽ വളരെ സമാധാനം ഈശോ കൊണ്ടുവന്നു. ഞങ്ങൾക്ക് സ്വന്തമായി ഭവനം ഇല്ലായിരുന്നു, നല്ലൊരു ഭവനം ഈശോ തന്നു. അങ്ങനെ എത്രയെത്ര ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളാണ് ഈശോയെ സ്വീകരിച്ചപ്പോൾ ഞങ്ങൾക്ക് ലഭിച്ചത്!' ആ വ്യക്തിയുടെ പങ്കുവെയ്ക്കൽ നമുക്ക് എത്രയോ ആവേശം നൽകേണ്ടതാണ്.

വിശുദ്ധ കുർബാനയ്ക്കു ശേഷം തനതായ നൃത്ത ചുവടുകളുമായി കുട്ടികൾ പരിപാടികൾ അവതരിപ്പിച്ചു. ബംഗ്റ, ഗിദ്ദ, ജുമാർ, ധമാൽ തുടങ്ങിയവയൊക്കെയാണ് അവരുടെ പ്രധാന നൃത്ത രൂപങ്ങൾ. അത് കാണാൻ എത്ര മനോഹരമായിരുന്നു എന്നോ. നിങ്ങൾക്കും കാണണമെന്നുണ്ടോ? യൂട്യൂബിൽ നോക്കിയാൽ ഈ ഡാൻസുകൾ ഒക്കെ കാണാൻ സാധിക്കും.

ഈ യാത്രയിൽ ഞാൻ അവിടുത്തെ വീടുകളും സന്ദർശിച്ചു. വളരെ ലളിതമായ ജീവിതം നയിക്കുന്നവരാണ് ഭൂരിഭാഗം പഞ്ചാബികളും. എല്ലാവരുടെയും വീടുകൾ ചെറുതാണ്. വീടിനു മുമ്പിൽ തന്നെ തൊഴുത്തുമുണ്ടാവും. പശു, എരുമ, ആട് ഇവരൊക്കെ തൊഴു ത്തിൽ ഉണ്ട്. നമ്മുടെ നാട്ടിലെ കുടിയേറ്റ കാലഘട്ടത്തിലെപോലെ കഷ്ടപ്പാട് നിറഞ്ഞതാണ് അവരുടെ ജീവിതം. ഈ കഷ്ടപ്പാടുകളുടെ യെല്ലാം നടുവിലും അവരുടെ മുഖത്ത് വിരിയുന്ന പുഞ്ചിരി

നമുക്ക് വലിയ പ്രചോദനവും പ്രോത്സാഹനവും ആണ്.

പുതിയതായി വിശ്വാസത്തിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന ഒത്തിരിയേറെ പേരെ പഞ്ചാബിൽ കണ്ടുമുട്ടാൻ സാധിച്ചത് എനിക്ക് വലിയ സന്തോഷം നൽകി. ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടാൻ അവരെ കൂടുതൽ പഠിപ്പിക്കേണ്ടതുണ്ട്. അവിടെയുള്ള വിശ്വാസികളെ സഹായിക്കാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്ഥാപിതമായ മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകളിൽ അംഗങ്ങളായ നിങ്ങൾ എല്ലാവരും അവിടെയുള്ള വിശ്വാസികൾക്ക് വേണ്ടി പ്രാർഥിക്കണം. അങ്ങനെയാണ് വി. കൊച്ചുത്രേസ്യയെപോലെ കുഞ്ഞുമിഷനറിമാരായി തീരേണ്ടത്. പഞ്ചാബിലെ മിഷൻ പ്രവർത്തന ങ്ങളെ സാമ്പത്തിക മായും നമുക്ക് സഹായിക്കാൻ സാധിക്കും. അതെങ്ങനെയാണെന്നോ? നിങ്ങൾ ഒരു ചെറിയ ത്യാഗം ഏറ്റെടുക്കണം. കൊച്ചു കൊച്ച് ആവശ്യങ്ങൾക്കായി നമുക്ക് ലഭിക്കുന്ന 'പോക്കറ്റ് മണി'യുടെ ഒരു ഭാഗം ഈ നിയോഗത്തിനുവേണ്ടി മാറ്റി വെക്കണം. മാസത്തിലെ ഒന്നാമത്തെ ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് വരുമ്പോൾ അത് കാഴ്ചയായി സമർപ്പിക്കണം. ഈശോയ്ക്ക് അത് എത്ര ഇഷ്ടം ആയിരിക്കുമെന്നോ.

പഞ്ചാബിലെ മിഷൻ പ്രദേശങ്ങൾ കാണാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ? സാധിക്കുകയാണെങ്കിൽ അവിടെ പോകാനുള്ള ക്രമീകരണം ചെയ്യണം. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതും അവിടെ ശുശ്രൂഷ ചെയ്യുന്നവർക്കും അവിടുത്തെ വിശ്വാസികൾക്കും വേണ്ടി പ്രാർഥിക്കുന്നതും നമുക്ക് വലിയ പ്രേക്ഷിത പ്രവർത്തനമായി ഏറ്റെടുക്കാം. നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

ആഗമനകാലം അടുത്തു വരികയാണല്ലോ. ഉണ്ണീശോയെ വരവേൽക്കാൻ നമുക്ക് ഇപ്പോഴേ ഒരുക്കങ്ങൾ തുടങ്ങാം. ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

+Raphael

✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ കത്ത് വിശ്വാസപരിശീലകർ കുട്ടികൾക്ക് അസംബ്ലിയിൽ (2 നവംബർ 2025) വായിച്ചു കൊടുക്കേണ്ടതാണ്.

കച്ചേരിക്കാര്യം

1. Appointment

Rev. Fr. George Mundanatte	:	Director, Tours & Pilgrimage
Rev. Fr. Kurian Cherusseril	:	Asst. Director, Pope Benedict XVI Institute
Rev. Fr. Xavier Ponmalakkunnel MSFS	:	Asst. Vicar, Chakkittapara

Syro-Malabar Mathruvedi (SMM) Mekhala Directors

Rev. Fr. Joseph Arackal RCJ	:	Perinthalmanna
Rev. Fr. Augustine Pannikott	:	Thottumukkam
Rev. Fr. Paul Poovathinkal	:	Vilangad
Rev. Fr. Geo Kadukanmakkel	:	Kodanchery
Rev. Fr. Antony Chennikara	:	Malappuram

2. വേളാങ്കണ്ണി തീർഥാടനം, ക്ലർജി സെമിനാർ

ഈ വർഷത്തെ വൈദിക സെമിനാർ ആഗോള കത്തോലിക്കസഭയുടെ ജൂബിലിയുടെയും രൂപതയുടെ 40-ാം വാർഷികത്തിന്റെയും പശ്ചാത്തലത്തിൽ വേളാങ്കണ്ണി തീർഥാടനമായിട്ടാണല്ലോ ക്രമീകരിച്ചിരിക്കുന്നത്. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. നവംബർ 24 മുതൽ 27 വരെയുള്ള ദിവസങ്ങളിലാണ് തീർഥാടനം. വൈദികസമ്മേളനത്തോടൊപ്പം പൗരോഹിത്യത്തിന്റെ ജൂബിലിയാചരണവും നടത്തപ്പെടുന്നു. **ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, ഫാ. ജോർജ് കളത്തൂർ, ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോൺ മൂലയിൽ, ഫാ. ജോസഫ് മുകളേപറമ്പിൽ, ഫാ. ജോസഫ് പുത്തേട്ടുപടവിൽ, ഫാ. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ, ഫാ. ആന്റണി ചെന്നിക്കര** എന്നിവരാണ് ജൂബിലി നിറവിലുള്ളത്. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. മാത്യു തകടിയേൽ അച്ചന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വർഷമായിരുന്നു. അച്ചനുവേണ്ടി നമുക്ക് പ്രാർഥിക്കാം.

3. സമുദായ ശാക്തീകരണവർഷം-2026

ഒക്ടോബർ 12 ഞായർ മുതൽ സമുദായ ശാക്തീകരണവർഷം നമ്മുടെ രൂപതയിൽ ആരംഭിച്ചിരിക്കുന്നു. രൂപതാതല പ്രവർത്തനങ്ങളുടെ കൺവീനർ വികാരി ജനറാൾ മോൺ. അബ്രാഹം വയലിലാണ്. മറ്റ് കമ്മിറ്റിയംഗങ്ങൾ: ഫാ. മാത്യു തൂമുള്ളിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഫാ. വിൻസെന്റ് കണ്ടത്തിൽ, ഫാ. മാത്യു കുളത്തിങ്കൽ, ബഹു. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ.

4. അഭിനന്ദനങ്ങൾ

ബഹു. വർഗീസ് പനയ്ക്കൽ അച്ചൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. അച്ചന് എല്ലാ വിധ അഭിനന്ദനങ്ങളും നേരുന്നു.

5. ആശംസകൾ

താമരശ്ശേരി രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിക്കുന്ന **ബഹു. ഫാ. സേവ്യർ പൊൻമലക്കുന്നേൽ എം.എസ്.എഫ്.എസിന്** എല്ലാ ആശംസകളും പ്രാർഥനാമംഗളങ്ങളും നേരുന്നു.

6. പുതിയ അഡ്രസ്സ്

Fr. Josekutty Jose Antheenadu
Istituto Araldi della Buona Novella
Via Alessandro Santini 4, 600166
Rome, Italy
Ph: +39 375 1270721

Fr. Xavier Ponmalakkunnel MSFS
Mob: 9902011839

7. ആദരഞ്ജലികൾ

ബഹു. ജോസ് വടക്കേടത്ത് അച്ചന്റെ പ്രിയ മാതാവ് **ഏലിക്കുട്ടി വടക്കേടത്ത് (94)** 2025 ഒക്ടോബർ 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 20-ാം തീയതി നെല്ലിക്കുറ്റി സെന്റ് അഗസ്റ്റ്യൻ ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

7. സ്മരണാഞ്ജലി

3 -11 - 2001	-	മോൺ. തോമസ് മൂലക്കുന്നേൽ
10 -11 - 2006	-	റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി
11 -11 - 2004	**-**	**റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി**
18 -11 - 1982	-	റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ
26 -11 - 2011	**-**	**റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്**

പ്രോട്ടോസിഞ്ചെല്ലൂസ്

സ്നേഹസ്മരണയ്ക്ക്

റവ. ഫാ. ഫിലിപ്പ്
കണക്കഞ്ചേരി
11 - 11 - 2004

റവ. ഫാ. അഗസ്റ്റിൻ
പന്നിക്കോട്ട്
26 - 11 - 2011

ആദരാഞ്ജലികൾ

സി. ആനി ജോസ് എഫ്.സി.സി.

കാഞ്ഞിരപ്പിള്ളി രൂപത ഏർത്തയിൽ തോമസ് അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ മൂത്തവളായി 1948 ഡിസംബർ 10 ന് സി. ആനി ജോസ് ജനിച്ചു. കാഞ്ഞിരപ്പള്ളിയിൽ പ്രാഥമിക വിദ്യാഭ്യാസവും ചെമ്പേരി നിർമ്മല സ്കൂളിൽ ഹൈസ്ക്കൂൾ പഠനവും നടത്തി. 1903 ജൂൺ 10 ന് ഫ്രാൻസിസ്ക്കൻ ക്ലാരസഭയുടെ അന്നത്തെ മലബാർ റീജിയന്റെ ഭാഗമായിരുന്ന തലശ്ശേരി അതിരൂപത ചെമ്പേരി ക്ളാര മഠത്തിൽ സന്യാസാ ർഥിനിയായി പ്രവേശിച്ചു. 1964 ൽ മലബാർ റീജിയനിലെ കോടഞ്ചേരിയിൽ ആരംഭിച്ച നൊവിഷ്യേറ്റിൽ ആദ്യബാച്ചിലെ അംഗമായി 1964 ഏപ്രിൽ 21-ാം തീയതി പ്രവേശിച്ചു. നവസന്യാസ പരിശീലനം പൂർത്തിയാക്കി 1965 തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തി സി. ആനി ജോസ് എന്ന പേര് സ്വീകരിച്ചു. 1970 മെയ് 1-ാം തീയതി നിത്യവ്രത വാഗ്ദാനം ചെയ്തു.

1970 ജൂൺ മാസത്തിൽ ചെമ്പേരി നിർമ്മലാ ഹൈസ്കൂളിൽ അധ്യാപിക യായി തന്റെ പ്രേഷിതദൗത്യം ആരംഭിച്ചു. സഹപ്രവർത്തകരുടെയും കുട്ടികളുടെയും ഹൃദയത്തുടിപ്പുകൾ തിരിച്ചറിഞ്ഞ് പ്രവർത്തിച്ച സി. ആനി ജോസ് ഏവർക്കും പ്രിയങ്കരിയായ അധ്യാപികയായിരുന്നു. 2000 ത്തിൽ അധ്യാപനവൃത്തിയിൽ നിന്നും വിരമിച്ചെങ്കിലും സഭ നിയോഗിച്ച ഇടങ്ങളിലെല്ലാം വിശ്വസ്തതയോടെയും അർപ്പണമനോഭാവത്തോടെയും വ്യാപരിക്കാൻ സിസ്റ്ററിന് സാധിച്ചു. എഫ്.സി.സി.യുടെ സ്പിരിച്ചൽ ആനിമേറ്റർ, സുപ്പീരിയർ, അസി. സുപ്പീരിയർ, ട്രഷറർ എന്നീ നിലകളിൽ കോടഞ്ചേരി, മലാപ്പറമ്പ്, ഈസ്റ്റ്ഹിൽ, അമ്പായത്തോട്, മുക്കം, കൂടത്തായി, കണ്ണോത്ത്, ഭവനങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

16.10.2025 രാത്രി 1.15 മണിയോടെ പ്രാർഥനാനിരതരായിരുന്ന സഹോദരിമാരുടെ സാന്നിധ്യത്തിൽ സിസ്റ്ററിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു. പ്രാർഥനാ പൂർവം ആദരാഞ്ജലികൾ നേരുന്നു.

പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

താമരശ്ശേരി രൂപത പന്ത്രണ്ടാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് യോഗം രൂപതാഭവനിൽ 2025 ഒക്ടോബർ 15-ാം തീയതി ചേർന്നു. രാവിലെ 10.30 ന് ഫാ. ജോൺ പള്ളിയ്ക്കാവയലിൽ നേതൃത്വം നല്കിയ പ്രാർഥനയോടെ ആരംഭിച്ച യോഗത്തിന് ഔപചാരികമായ സ്വാഗതം ബഹു. മോൺ. അബ്രാഹം വയലിൽ ആശംസിച്ചു. താമരശ്ശേരി രൂപതയുടെ രണ്ടാമത്തെ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ആർച്ച് ബിഷപ് ജേക്കബ് തൂങ്കുഴിയെ അനുസ്മരിക്കുകയും ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്തു.

12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് യോഗം രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. നിലവിലുള്ള വൈദിക സമിതിയുടെ സമാപനസമ്മേളനത്തിൽ ഇതുവരെ നടന്ന യോഗങ്ങളുടെ തീരുമാനങ്ങൾ വിജയകരമായി നടപ്പാക്കിയത് അഭിവന്ദ്യ പിതാവ് വിശദീകരിക്കുകയും 12-ാമത് കൗൺസിലിൽ അംഗങ്ങളായിരുന്ന എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു. രൂപതയുടെ അജപാലനപരമായ പ്രത്യേകതകൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് വിവിധ കാര്യങ്ങൾ ചർച്ച ചെയ്യാനും തീരുമാനങ്ങൾ രൂപതാധ്യക്ഷന്റെ സമക്ഷം സമർപ്പിക്കാനുമുള്ള വേദിയാണ് പ്രസ്ബിറ്ററൽ കൗൺസിൽ. ക്രിയാത്മകമായ നിർദ്ദേശങ്ങൾ വിജയകരമായി നടപ്പാക്കുന്നതിന് രൂപതാദ്ധ്യക്ഷനോട് ചേർന്ന് വൈദികസമിതി അംഗങ്ങൾ പ്രകടിപ്പിക്കുന്ന താൽപ്പര്യമാണ് സമകാലീന വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ടുപോകാൻ ഏതൊരു പ്രാദേശിക സഭയ്ക്കും ശക്തിയാകുന്നതെന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴിയിലൂടെ താമരശ്ശേരി രൂപതയ്ക്കു നിരവധി ആത്മീയവും ഭൗതീകവുമായ നന്മകൾ ലഭിച്ചു. യേശുനിധിയുടെ ആരംഭവും സാവന്തവാടിയിൽ കൃഷിയ്ക്കായി സ്ഥലം വാങ്ങിയതും താമരശ്ശേരിയിൽ സിംഹാസന പള്ളിയ്ക്ക് ശിലാസ്ഥാപനം നടത്തിയതും ജേക്കബ് തൂങ്കുഴിപിതാവാണ്. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത് താമരശ്ശേരി രൂപതയിലെ, കോഴിക്കോട് *ഹോം ഓഫ് ലൗ* സ്ഥാപനത്തിലായതിനാൽ കബറടത്തിങ്കൽ കൃതജ്ഞതയോടെ പ്രാർഥിക്കുന്നതിനുള്ള സാഹചര്യവും അനുഗ്രഹവുമാണ് നമുക്ക് ലഭിച്ചിരിക്കുന്നതെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. ഈ വർഷം രൂപത സ്ഥാപിതമായതിന്റെ നാൽപതാം വാർഷികമായതിനാൽ എല്ലാവരുടെയും അകൈതവുമായ പ്രോത്സാഹനവും സഹകരണവും അർഥപൂർണമായും വിജയകരമായും റൂബി ജൂബിലി ആചരിക്കുവാൻ രൂപതാസമൂഹത്തിന് പിന്തുണയാകുമെന്ന് അഭിവന്ദ്യ പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു.

12-ാമത് വൈദികസമിതിയുടെ അഞ്ചാമത് യോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അവതരിപ്പിച്ചു. യോഗം ഐക്യകണ്ഠ്യേന

റിപ്പോർട്ട് പാസാക്കുകയും അതിന്മേലുള്ള ചർച്ചകൾ നടക്കുകയും ചെയ്തു.

a) *വിലങ്ങാട് പുനരധിവാസ പദ്ധതികൾ:* താമരശ്ശേരി രൂപതയിലെ ദൈവജനത്തോടൊപ്പം കെ.സി.ബി.സി.യുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും നിർലോഭമായ സഹകരണത്തിന്റെ ഫലമായി വിലങ്ങാട് പുനരധിവാസ പദ്ധതികൾ വേഗത്തിൽ പുരോഗമിക്കുന്നുവെന്ന് കൺവീനറായ മോൺ. അബ്രാഹം വയലിൽ വ്യക്തമാക്കി. ഇതുവരെ 60 ഭവനങ്ങളുടെ തറക്കല്ലിടൽ കർമ്മങ്ങൾ നടന്നു. ദുരിതബാധിതരായ 66 കുടുംബങ്ങൾക്കാണ് ഭവനം നിർമ്മിച്ചു നൽകുന്നത്. ഇതിനോടകം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ 20 ഭവനങ്ങൾ ഉടമസ്ഥർക്ക് കൈമാറുകയും ചെയ്തു. വിലങ്ങാട് പുനരധിവാസ പദ്ധതികൾക്ക് നേതൃത്വം നല്കുന്ന രൂപതയുടെ സാമൂഹ്യ പ്രേഷിതത്വത്തിന്റെ പ്രവർത്തനങ്ങളിൽ പ്രസ്ബിറ്ററൽ കൗൺസിൽ പൂർണ്ണ സംതൃപ്തി പ്രകടിപ്പിച്ചു.

b) *നല്ലിടയൻ വൈദികമന്ദിരം:* മേരിക്കുന്നിലുള്ള വൈദികമന്ദിരം പുതുക്കിപ്പണിത് ഹോസ്റ്റൽ സൗകര്യത്തിന് ഉപയോഗിക്കാൻ നല്കിയെന്ന് ഡയറക്ടർ ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ യോഗത്തെ അറിയിച്ചു.

c) *നിയമാവലി പരിഷ്കരണം:* രൂപതയുടെ നിയമാവലി പരിഷ്കരണം പൂർത്തിയായതായും അമലോത്ഭവമാതാ തിരുനാൾ ദിനമായ ഡിസംബർ 8 ന് പ്രസിദ്ധീകരിക്കുമെന്നും നിയമാവലി പരിഷ്കരണ കമ്മിറ്റിയുടെ കൺവീനർ ബഹു. ഫാ. തോമസ് ചിലമ്പികുന്നേൽ അറിയിച്ചു.

d) *ആരോഗ്യ ഇൻഷൂറൻസ്:* വൈദികരുടെ ആരോഗ്യ ഇൻഷൂറൻസ് പുതിയ താരിഫ് അനുസരിച്ച് മാറിവരുന്നതിനാൽ പുതിയ നിരക്കിൽ ഇൻഷുർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്ന് പി.പി.എഫ്. സെക്രട്ടറി ബഹു. ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് യോഗത്തെ അറിയിച്ചു.

12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആറാമത് യോഗത്തിന്റെ അജണ്ടയെ അധികരിച്ചുള്ള ചർച്ചകൾക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നല്കി.

1. *സമുദായ ശാക്തീകരണ വർഷം 2026:* സീറോ മലബാർ സഭയിൽ 2026-ൽ പ്രഖ്യാപിച്ചിട്ടുള്ള സമുദായ ശാക്തീകരണ വർഷത്തെക്കുറിച്ച് ചർച്ചകൾ എ. കെ.സി.സി. രൂപത ഡയറക്ടർ ബഹു. ഫാ. മാത്യു തൂമുള്ളിൽ നേതൃത്വം നല്കി. സീറോ മലബാർ സഭയുടെ തലവനായ മേജർ ആർച്ച് ബിഷപ് മാർ റഫേൽ തട്ടിൽ ഒക്ടോബർ 12 ന് ദൈവാലയങ്ങളിൽ വായിക്കാനായി പുറപ്പെടുവിച്ച സർക്കുലറോടുകൂടി നമ്മുടെ രൂപതയിലും സമുദായ ശാക്തീകരണ വർഷത്തിന്റെ പ്രാരംഭഘട്ടം ആരംഭിച്ചിരിക്കുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള കർമ പരിപാടികളാണ് 2026 വർഷം പ്രാവർത്തികമാക്കുന്നത്. വരുംവർഷങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നു. സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ രൂപതയിൽ സമുദായ ശാക്തീകരണ വർഷത്തിന്റെ പ്രവർത്തനങ്ങളുടെ കൺവീനറായി വികാരി

ജനറാൾ മോൺ. അബ്രാഹം വയലിനെ ചുമതലപ്പെടുത്തി. ഈ പ്രത്യേക വർഷത്തിലെ കർമ്മപരിപാടികളുടെ കമ്മിറ്റിയംഗങ്ങളായി ഫാ. മാത്യു തൂമുള്ളി, ഫാ. ജോർജ് വെള്ളയ്ക്കാക്കുടി, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഫാ. വിൻസെന്റ് കണ്ടത്തിൽ, ഫാ. മാത്യു കുളത്തിങ്കൽ എന്നിവരെയും യോഗം തെരഞ്ഞെടുത്തു. സുശക്തമായ കമ്മിറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ സമുദായ ഉന്നമനത്തിനുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സർവപിന്തുണയും സഹകരണവും വൈദികസമിതി വാഗ്ദാനം ചെയ്തു. ഈ വർഷം പതിവുപോലെ രൂപപ്പെടുത്തുന്ന രൂപതാകലണ്ടറിൽ സമുദായ വർഷത്തിന്റെ പ്രസക്തി ഉൾക്കൊള്ളുന്ന പ്രമേയങ്ങൾ ലഭ്യമാക്കുന്നത് ഉചിതമാണെന്ന് യോഗം നിർദ്ദേശിച്ചു.

2. *മാർത്തോമ്മാ ചർച്ച്, ചെന്നൈ:* മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂരിൽ ആരാധാന സൗകര്യാർഥം സ്വന്തമായി ദൈവാലയം വേണമെന്നുള്ള സീറോ മലബാർ സിനഡിന്റെ ആഗ്രഹം അഭിവന്ദ്യ പിതാവ് പങ്കുവെച്ചു. വിശ്വാസപരമായി നമുക്ക് ഏറെ അടുപ്പമുള്ള തോമാശ്ലീഹായുടെ തീർഥാടന കേന്ദ്രത്തിൽ ഇപ്രകാരമൊരു ദൈവാലയവും അനുബന്ധ സൗകര്യവും ഒരുക്കുന്നത് പ്രയോജനപ്രദവും ചരിത്രത്തോട് നാം പുലർത്തുന്ന സത്യസന്ധതയുമാണെന്ന് നിരീക്ഷിച്ച വൈദികസമിതി പ്രസ്തുത നിർമിതിയ്ക്ക് നേതൃത്വം നൽകുന്ന ഹൊസൂർ രൂപതയ്ക്ക് നിർലോഭമായ സഹകരണം നല്കുവാൻ തീരുമാനിച്ചു. ഓരോ ഇടവകയും ഒരടി സ്ഥലത്തിനുള്ള സാമ്പത്തിക സഹായം നല്കി സഹകരിക്കാമെന്നും എന്നാൽ, സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള ഇടവകകൾ മറ്റ് ഇടവകകളോടു ചേർന്ന് സഹകരിക്കാമെന്നും വൈദികസമിതി തീരുമാനിച്ചു.

3. *സെന്റ് അൽഫോൻസ മിഷൻ:* ഫരീദാബാദ് അതിരൂപതയിലുള്ള ഏതാനും ജില്ലകൾ തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ മലബാറിലുള്ള രൂപതകൾക്ക് സുവിശേഷവത്ക്കരണത്തിനായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുകയാണെന്ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ യോഗത്തെ അറിയിച്ചു. ബർണാല (Bernala) ജില്ലയിൽ ഒക്ടോബർ 9ന് ഔദ്യോഗികമായി നാം പ്രേഷിത പ്രവർത്തനം ആരംഭിച്ചു. നിലവിൽ രണ്ട് വൈദികർ ഇതിനോടകം അവിടെ സേവനം നൽകുന്നു. പ്രേഷിതപ്രവർത്തനങ്ങളുടെ വളർച്ചയ്ക്ക് രൂപത മുഴുവന്റെയും പ്രാർഥന അത്യാവശ്യമാണെന്ന് ആവശ്യപ്പെട്ട വൈദികസമിതി അവിടെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് നാം പിന്നോട്ട് പോകരുതെന്ന് നിർദ്ദേശിച്ചു. തദാനുസാരം ആദ്യ ഞായറാഴ്ചകളിലെ കുട്ടികളുടെ വി. കുർബാനയിൽ അവരുടെ കാഴ്ചവെപ്പിലൂടെ ലഭിക്കുന്ന തുക മിഷന്റെ പ്രവർത്തനങ്ങൾക്കായി മാസം തോറും നല്കാമെന്നും എല്ലാ വർഷത്തെയും മിഷൻ ഞായറാചരണത്തിലൂടെ സമാഹരിക്കുന്ന തുക പ്രസ്തുത നിയോഗാർഥം മാറ്റിവെയ്ക്കാമെന്നും തീരുമാനിച്ചു.

4. *റൂബി ജൂബിലി:* രൂപതാസ്ഥാപനത്തിന്റെ 40-ാം വർഷികത്തിന്റെ കർമപരിപാ

ടികൾ കൺവീനർ ബഹു. ഫാ. ജോൺ ഒറവങ്കര വൈദിക സമിതിയിൽ വിശദീകരിച്ചു. നവംബർ മാസം പൂർണമായും സമുദായ ഉന്നമന പ്രവർത്തനങ്ങൾക്കും ഡിസംബറിൽ കുടുംബങ്ങളുടെ നവീകരണത്തിനും മാറ്റിവെച്ചിരിക്കുകയാണ്. റൂബി ജൂബിലി കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച പ്രസ്ബിറ്ററൽ കൗൺസിൽ 40-ാം വാർഷികത്തിന്റെ സമാപനം രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ ഏപ്രിൽ 18 ന് നടത്താമെന്ന് തീരുമാനിച്ചു.

5. *സെന്റ് അൽഫോൻസ ഡയാലിസിസ് യൂണിറ്റ്:* റൂബി ജൂബിലി സംരംഭമായ വേനപ്പാറയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഡയറക്ടർ ബഹു. ഫാ. ജോൺ ഒറവങ്കര വിശദീകരിച്ചു. യൂണിറ്റിന്റെ പ്രവർത്തനം സൗജന്യമായതിനാൽ അനേകം വ്യക്തികൾക്ക് പ്രയോജനപ്രദമാകുന്നുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന് ഇനിയും നാം വിഭവങ്ങൾ സമാഹരിക്കണമെന്ന് വിലയിരുത്തിയ യോഗം ഈ വിഷയം വൈദികസമ്മേളനത്തിൽ ചർച്ചചെയ്യാമെന്ന് തീരുമാനിച്ചു.

6. *വേളാങ്കണ്ണി തീർഥാടനം:* സഭയുടെ ജൂബിലിയുടെയും രൂപതയുടെ 40-ാം വാർഷികത്തിന്റെയും പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന സന്യാസ വൈദികർ ഉൾപ്പെടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരുടെയും വേളാങ്കണ്ണി തീർഥാടനത്തിന്റെ സജ്ജീകരണങ്ങൾ മോൺ. അബ്രാഹം വയലിൽ വിശദീകരിച്ചു. നവംബർ 24 മുതൽ 27 വരെയുള്ള ദിവസങ്ങളിലാണ് തീർഥാടനം.

7. *വൈദിക വിദ്യാർഥികളുടെ പരിശീലനത്തിനുള്ള ഫണ്ട്:* വൈദിക വിദ്യാർഥികളുടെ നിലവിലുള്ള പരിശീലനത്തെപ്പറ്റി മൈനർ സെമിനാരി റെക്ടർ ബഹു. ഫാ. കുര്യൻ താന്നിക്കൽ വിശദീകരിച്ചു. നിലവിൽ 67 വിദ്യാർഥികളാണ് പരിശീലനത്തിലൂടെ കടന്നുപോകുന്നത്. മേജർ സെമിനാരി വിദ്യാർഥികളുടെ പഠനത്തിനുള്ള ചിലവ് വർധിച്ചതിനാൽ നിലവിൽ നൽകുന്ന പഠനചെലവ് വർധിപ്പിച്ച് നൽകാൻ സീറോ മലബാർ സിനഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിലയിരുത്തിയ പ്രസ്ബിറ്ററൽ കൗൺസിൽ നമ്മുടെ രൂപതയിലെ വൈദികവിദ്യാർഥികളുടെ പരിശീലനത്തെ ഭൗതികമായി സഹായിക്കാൻ സാധിക്കുന്ന സുമനസ്സുള്ള വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്താൻ തീരുമാനിച്ചു.

8. *ബൈബിൾ പ്രേഷിതത്വം:* ബൈബിൾ പ്രേഷിതത്വത്തിന്റെ പ്രവർത്തനങ്ങൾ ഏങ്ങനെ ഊർജ്ജസ്വലമാക്കാം എന്നതിനെ അധികരിച്ചുള്ള ചർച്ചകൾ നടന്നു. നിലവിലുള്ള പ്രവർത്തനങ്ങൾ ഡയറക്ടർ ബഹു. ഫാ. അബ്രാഹം സ്രാമ്പിക്കൽ വിശദീകരിച്ചു. പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ പങ്കുവെച്ച വ്യത്യസ്തവും ക്രിയാത്മകവുമായ ആശയങ്ങൾ സമാഹരിച്ച് ബൈബിൾ പ്രേഷിതത്വത്തിനുവേണ്ടി അജപാലനപദ്ധതി രൂപവത്ക്കരിക്കാൻ ഡയറക്ടറെ വൈദികസമിതി ചുമതലപ്പെടുത്തി. പഞ്ചാബി ഭാഷയിൽ വിശുദ്ധഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന ഉദ്യമങ്ങളിൽ താമരശ്ശേരി രൂപതയുടെ ബൈബിൾ അപ്പസ്തോലേറ്റ് പങ്കുചേരുന്ന വിവരം

ഡയറക്ടർ സമ്മേളനത്തെ അറിയിച്ചപ്പോൾ കൗൺസിൽ അംഗങ്ങൾ ഈ തീരുമാനം സഹർഷം സ്വാഗതം ചെയ്തു.

9. *അവകാശ സംരക്ഷണയാത്ര:* എ.കെ.സി.സി. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ നടത്തുന്ന അവകാശ സംരക്ഷണയാത്ര നമ്മുടെ രൂപതയിലൂടെ കടന്നുപോകുമ്പോൾ ക്രമീകരിക്കേണ്ട പരിപാടികളെപ്പറ്റി ഡയറക്ടർ ബഹു. ഫാ. മാത്യു തൂമുള്ളി വിശദീകരിച്ചു. വന്യമൃഗശല്യം, ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക മുതലായ പ്രമേയങ്ങൾ ഈ യാത്രയിൽ ചർച്ചയാകണമെന്ന് നിർദ്ദേശിച്ച വൈദികസമിതി, രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ ആവേശോജ്ജ്വലമായ സ്വീകരണം അഖിലകേരള കത്തോലിക്കാ കോൺഗ്രസ് നേതൃത്വത്തിന് നല്കാനും പൊതുസമ്മേളനം നടത്താനും തീരുമാനിച്ചു.

10. *പി.എം.ഒ.സി.:* താമരശ്ശേരി രൂപതയുടെ കോഴിക്കോട് മേരിക്കുന്നിലുള്ള അജപാലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വൈദിക സമിതിയിൽ ചർച്ച നടന്നു. നിലവിലുള്ള സാഹചര്യം ഡയറക്ടർ ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ വിശദീകരിച്ചു. കോഴിക്കോടുള്ള അജപാലന കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത വൈദികസമിതി ആവശ്യമെങ്കിൽ പി.എം.ഒ.സിയുടെ ഒരു ഭാഗം ഹോസ്റ്റൽ സൗകര്യത്തിന് നൽകാമെന്ന് തീരുമാനിച്ചു.

11. *പെരിന്തൽമണ്ണ-മരിയാപുരം ഫൊറോന:* അജപാലന സൗകര്യാർഥം പെരിന്തൽമണ്ണ വിഭജിച്ച് മരിയാപുരം സ്വതന്ത്ര ഫൊറോനയാക്കാൻ വൈദികസമിതി തീരുമാനിച്ചു. മരിയാപുരം ഫൊറോനയുടെ കീഴിൽ ചീരാട്ടമല, മാലാപറമ്പ്, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ എന്നീ പള്ളികളും പെരിന്തൽമണ്ണ ഫൊറോനയുടെ കീഴിൽ വെട്ടത്തൂർ, പൊന്ന്യാംകുറിശ്ശി, താഴെക്കോട്, നെന്മേനി എന്നീ പള്ളികളുമാണ് ഉണ്ടായിരിക്കുക.

12. *സെന്റ് ജോർജ് പ്രാർഥനാഭവൻ:* റൂബി ജൂബിലിയുടെ പശ്ചാത്തലത്തിൽ കക്കാടംപൊയിലിൽ ഒരുങ്ങുന്ന സെന്റ് ജോർജ് പ്രാർഥനാഭവന്റെ നിർമാണ പ്രവർത്തനങ്ങൾ പി.പി.എഫ്. സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് വിശദീകരിച്ചു. നിർമാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് വൈദികസമിതിയിൽ അവതരിപ്പിക്കുകയും പണം സമാഹരിക്കാനുള്ള വിവിധ വഴികൾ ചർച്ച ചെയ്യുകയും ചെയ്തു. എല്ലാ വൈദികരും തങ്ങളുടെ ഒരുമാസത്തെ അലവൻസ് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാറ്റിവെയ്ക്കാമെന്നും അതു ഗഡുക്കളായി സ്വീകരിക്കാമെന്നും പ്രസ്ബിറ്ററൽ കൗൺസിൽ തീരുമാനിച്ചു.

13. *പ്രൊ-ലൈഫ്:* പ്രോ-ലൈഫിന്റെ രൂപതാതല പ്രവർത്തനങ്ങൾ ഡയറക്ടർ ബഹു. ഫാ. ജോസ് പെണ്ണാപറമ്പിൽ വിശദീകരിച്ചു. നിലവിൽ 306

കുട്ടികൾ രൂപതയുടെ പ്രോ-ലൈഫ് ഫണ്ടിന്റെ ഗുണഭോക്താക്കളാണ്. നമ്മുടെ രൂപതയുടെ പ്രോ-ലൈഫ് ഡിപ്പാർട്ട്മെന്റ് സംഘടനരംഗത്തും സഹായവിതരണ മേഖലയിലും മികവുറ്റ പ്രവർത്തനങ്ങളാണ് കേരളസഭയിൽ കാഴ്ചവെയ്ക്കുന്നത്. എന്നാൽ, വിഭവസമാഹരണ രംഗത്ത് നാം ധാരാളം വെല്ലുവിളികൾ ഇന്ന് നേരിടുന്നുണ്ട്. ധനാഗമ മാർഗത്തെ അധികരിച്ചുള്ള ചർച്ചകൾ പ്രസ്ബിറ്ററൽ കൗൺസിൽ നടത്തുകയും പ്രോ-ലൈഫ് ദിനത്തിനോട് ചേർന്നുള്ള ഞായറാഴ്ച സ്തോത്രക്കാഴ്ച അതിനായി മാറ്റിവെയ്ക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രോ-ലൈഫിന്റെ നേതൃത്വത്തിലുള്ള *കുഞ്ഞിനൊരു കൈത്താങ്ങ്* പദ്ധതിയ്ക്ക് ആവശ്യമായ പിന്തുണ നൽകേണ്ടതിനെപ്പറ്റിയുള്ള ചർച്ചകളും നടന്നു. സാധ്യമായ എല്ലാം ഓൺലൈൻ മാധ്യമങ്ങളിലൂടെയും പ്രസ്തുത പദ്ധതിയുടെ പ്രചാരം പരമാവധി നടത്താനും പ്രോ-ലൈഫ് പ്രേഷിതത്വത്തിന് അകമഴിഞ്ഞ സഹകരണം നല്കാനും പ്രസ്ബിറ്ററൽ കൗൺസിലിൽ തീരുമാനിച്ചു.

താമരശ്ശേരി രൂപതയുടെ 12-ാമത് വൈദികസമിതിയുടെ ആറാമത് യോഗത്തിന് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ഔപചാരികമായ നന്ദി പ്രകാശിപ്പിച്ചു. പ്രാർഥനയെ തുടർന്ന് അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ ഉച്ചകഴിഞ്ഞ് 1.15 ന് സമ്മേളനം അവസാനിച്ചു.

ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

വിശ്വാസപരിശീലനം

അഭിവന്ദ്യ പിതാവിന് തിരുനാൾ ആശംസകൾ

താമരശ്ശേരി രൂപതാധ്യക്ഷൻ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രൂപതാ മതബോധന സമതി പിതാവിന് തിരുനാൾ ആശംസകൾ നേർന്നു.

ലഹരി വിരുദ്ധദിനം

ഒക്ടോബർ 5 ഞായറാഴ്ച താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും ലഹരി വിരുദ്ധദിനം ആചരിച്ചു. എല്ലാ സൺഡേ സ്കൂളുകളിലും ലഹരി വിരുദ്ധദിന പ്രതിജ്ഞ ചൊല്ലി.

ഒക്ടോബർ മാസത്തിലെ 'പവർ സെല്ലുകൾ'

ചാത്തങ്കോട്ടുനട : ഒക്ടോബർ 15 ന് ചാത്തൻങ്കോട്ടുനട ഇടവകയിൽ Power Cell നടന്നു. ചാത്തങ്കോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി. ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട് എന്നീ ഇടവകകളിൽ നിന്നും മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

പന്തല്ലൂർ : ഒക്ടോബർ 16 വ്യാഴാഴ്ച പന്തല്ലൂർ സെന്ററിൽ നടന്ന Power Cell പ്രോഗ്രാമിൽ കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട് എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായിരുന്നു.

കൂടത്തായി : ഒക്ടോബർ 17 വെള്ളിയാഴ്ച കൂടത്തായിയിൽ നടന്ന Power Cell പ്രോഗ്രാമിൽ താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, ഈങ്ങാപ്പുഴ, കൂമുള്ളി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ പാരമ്പര്യങ്ങളെ കുറിച്ച് അധ്യാപകർക്ക് ക്ലാസ്സെടുത്തു.

വടകര : ഒക്ടോബർ 21 ചൊവ്വാഴ്ച വടകര സെന്ററിൽ നടന്ന Power Cell പ്രോഗ്രാമിൽ വിലങ്ങാട് മേഖലയിലെ മുഴുവൻ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് ശ്രദ്ധേയമായി.

നൂറാംതോട് : ഒക്ടോബർ 22 ചൊവ്വാഴ്ച നൂറാംതോട് വച്ച് നടന്ന Power Cell പ്രോഗ്രാമിൽ മൈലള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവ് സഭയുടെ പാരമ്പര്യങ്ങളെ കുറിച്ച് അധ്യാപകർക്ക് ക്ലാസ് എടുത്തു. പ്രോഗ്രാം എല്ലാവർക്കും അനുഗ്രഹപ്രദമായിരുന്നു.

സെപ്റ്റംബർ മാസത്തിലെ 'ലൂമിന' പ്രോഗ്രാമുകൾ

ലൂമിന -15 തിരുവമ്പാടി

ഒക്ടോബർ 2 വ്യാഴാഴ്ച തിരുവമ്പാടി മേഖലയുടെ മൂന്നാമത്തെ ലൂമിന പ്രോഗ്രാം

തിരുവമ്പാടി ദേവാലയത്തിൽ നടന്നു. തിരുവമ്പാടി, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്, മുക്കം എന്നീ ഇടവകകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.

ലൂമിന -16 ചേവായൂർ

ഒക്ടോബർ 5 ന് പാറോപ്പടി മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം ചേവായൂർ ഇടവകയിൽ നടന്നു. 195 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

ലൂമിന - 17 ചെമ്പനോട

ഒക്ടോബർ 12 ഞായറാഴ്ച മരുതോങ്കര മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം ചെമ്പനോട ദേവാലയത്തിൽ വച്ച് നടന്നു. 111 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

ലൂമിന -18 മരുതോങ്കര

ഒക്ടോബർ 20 തിങ്കളാഴ്ച മരുതോങ്കര മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം മരുതോങ്കര ദേവാലയത്തിൽ വച്ച് നടന്നു. 128 യുവജനങ്ങൾ പങ്കെടുത്തു.

DOMUS CAT - കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാപ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. ജൂലൈ മാസത്തിൽ നൽകിയത്.

പാഠം 17 - എപ്പോഴും ദൈവത്തിന് നന്ദി പറയാൻ പഠിപ്പിക്കുക
പാഠം 18 - ദൈവമാതൃഭക്തിയിൽ വളർത്തുക
പാഠം 19 - ഓരോ കുഞ്ഞും ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങൾ
പാഠം 20 - മക്കളുടെ ആത്മരക്ഷക്ക് വേണ്ടി നിരന്തരം പ്രാർഥിക്കുക

അർധവാർഷിക പരീക്ഷ

2025-26 വിശ്വാസപരിശീലനവർഷത്തെ അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ ഒക്ടോബർ 18 ന് മേഖലാ കമ്മിറ്റിക്കു നൽകി. ഒക്ടോബർ 26 ന് എല്ലാ ഇടകകളിലും 11 മുതൽ 1.00 മണി വരെ അർധവാർഷിക പരീക്ഷ നടന്നു.

Mission Quest

സീറോ മലബാർ മിഷൻ, വിശ്വാസപരിശീലന ഓഫീസുകൾ സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്ന അഞ്ചാമത്തെ Mission Quest 2025 ഓൺലൈൻ ക്വിസ് പ്രോഗ്രാം നവംബർ 8 ശനി വൈകിട്ട് 6 മണിക്ക് നടക്കുന്നതാണ്.

ACC 13,14,15 Online Class

ACC 13 : 'യേശു ഏക രക്ഷകൻ' എന്ന വിഷയത്തെ കുറിച്ച് ഫാ. മാത്യു തൂമുള്ളിൽ, 'ക്രിസ്തീയത നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ കുറിച്ച് ഫാ. പീറ്റർ പൂതർമണ്ണിൽ ക്ലാസ്സെടുത്തു.

ACC 14 :'ഉചിതനായ ക്രിസ്തുവിന്റെ സാന്നിധ്യം' ഇന്ന് (രണ്ടാം ഭാഗം) എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറ "ജീവന്റെ മൂല്യം - അഞ്ചാം പ്രമാണം" എന്ന വിഷയത്തെകുറിച്ച് സോണിമോൻ സേവ്യർ ക്ലാസ്സെടുത്തു.

ACC 15 : 'മനസാക്ഷി: വ്യക്തിനിഷ്ഠമായ ധാർമിക ഉറവിടം', "നീതിയും ന്യായവും"എന്ന വിഷയങ്ങളെ കുറിച്ച് മി. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. "വിവാഹമെന്ന കൂദാശ" എന്ന വിഷയത്തെകുറിച്ച് ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സെടുത്തു.

Media Catechesis

ACC 13, 14, 15 ന്റെ Online ക്ലാസ്സുകൾ, Power Cell, ലൂമിന, എന്നിവയുടെ വീഡിയോകൾ, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

NOVEMBER 2025

01.11.25 ശനി	സകല വിശുദ്ധരുടെയും തിരുനാൾ സകല മരിച്ചവരുടെയും ഓർമ (നവംബർ 2)
02.11.25 ഞായർ	പള്ളിക്കൂദാശാക്കാലം 1-ാം ഞായർ ലൂമിന 19 : പെരിന്തൽമണ്ണ മേഖല - 2 @ പെരിന്തൽമണ്ണ (പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, മങ്കട, പൊന്ന്യാംകുറിശ്ശി, വലമ്പൂർ)
04.11.25 ചൊവ്വ	വി. ചാൾസ് ബൊറോമിയോ
05.11.25 ബുധൻ	വി. സഖറിയായും വി. ഏലീശ്വായും
08.11.25 ശനി	രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC
09.11.25 ഞായർ	പള്ളിക്കൂദാശാക്കാലം 2-ാം ഞായർ മതാധ്യാപക ദിനം (ഇടവകകളിൽ മതാധ്യാപകരെ ആദരിക്കുന്നു) ACC 13, 14, 15 Online Class - 11 രൂപതതാതല പ്രതിഭാസംഗമം (HCC II), PMOC
16.11.25 ഞായർ	പള്ളിക്കൂദാശാക്കാലം 3-ാം ഞായർ ലൂമിന 20 : താമരശ്ശേരി മേഖല - 2 @ ഈങ്ങാപ്പുഴ (വിൻസെൻഷ്യൻ ധ്യാനകേന്ദ്രം) (മൈലള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ, ഈങ്ങാപ്പുഴ)

19.11.25 ബുധൻ	Power Cell - 20 : വെറ്റിലപ്പാറ സെന്റർ (ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, മരംചാട്ടി, വാലില്ലാപ്പുഴ, വെറ്റിലപ്പാറ)
23.11.25 ഞായർ	പള്ളിക്കൂദാശാക്കാലം 4-ാം ഞായർ മിശിഹായുടെ രാജത്വതിരുനാൾ ACC 13, 14, 15 Online Class - 12
29.11.25 ശനി	വി. അന്ത്രയോസ് ശ്ലീഹാ
30.11.25 ഞായർ	മംഗളവാർത്താക്കാലം 1-ാം ഞായർ ലൂമിന 21 : തോട്ടുമുക്കം മേഖല - 2 @ തോട്ടുമുക്കം (ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, വാലില്ലാപ്പുഴ, വെറ്റിലപ്പാറ)

ഫാ. ജോൺ പള്ളിക്കാവയലിൽ
ഡയറക്ടർ, വിശ്വാസപരിശീലനം

കെ. സി. വൈ. എം. – എസ്. എം. വൈ. എം.

സെപ്റ്റംബർ 21: ഹൃദ്യം

പ്രത്യാശയുടെ വർഷത്തിൽ പ്രത്യാശയുടെ പുതുകിരണങ്ങളുമായി ചുറ്റുമുള്ളവർക്ക് നമ്മുടെ സാന്നിധ്യം കൊണ്ട് ഹൃദയം നിറയ്ക്കാൻ ഹൃദ്യമായി ഒരു കൂടിക്കാഴ്ച 'ഹൃദ്യം' അഗതി മന്ദിര സന്ദർശനം താമരശ്ശേരി മേഖലയുടെ ആതിഥേയത്വത്തിൽ സ് നേഹനിവാസിൽ നടത്തപ്പെട്ടു.

ഒക്ടോബർ 2: രൂപതാ കലോത്സവം യുവ 2025

താമരശ്ശേരി രൂപതയുടെ 11 മേഖലകളിൽ നിന്നായി യുവജനങ്ങൾ തിരുവമ്പാടിയുടെ മണ്ണിൽ ഒത്തുചേർന്ന് കലയുടെ പുതു വസന്തം തീർത്തു. രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കലാമാമാങ്കം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, രൂപതാ പ്രസിഡന്റ് റിച്ചാർഡ് ജോൺ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, സി. റോസീൻ SABS, രൂപതാ കലോത്സവം കോഡിനേറ്റർമാരായ ട്രീസ മേരി ജോസഫ്, ആഗി മരിയ ജോസഫ്, അബിൻ ആൻ ഡ്രൂസ് മറ്റ് രൂപതാ സമിതി അംഗങ്ങൾ, മേഖലാ ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്

തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഇഞ്ചോടിഞ്ച് വാശിയേറിയ കലാമാമാങ്കത്തിൽ തിരുവമ്പാടി മേഖല കലാകിരീടം ചൂടി. കോടഞ്ചേരി മേഖല ഫസ്റ്റ് റണ്ണറപ്പും, പാറോപ്പടി മേഖലാ സെക്കൻഡ് റണ്ണറപ്പും ആയി.

പോയിന്റ് നിലകൾ

1. തിരുവമ്പാടി	–	307	2. കോടഞ്ചേരി	–	259
3. പാറോപ്പടി	–	180	4. തോട്ടുമുക്കം	–	177
5. പെരിന്തൽമണ്ണ	–	152	6. കൂരാച്ചുണ്ട്	–	149
7. മലപ്പുറം	–	84	8. താമരശ്ശേരി	–	74
9. വിലങ്ങാട്	–	70	10. കരുവാരകുണ്ട്	–	53
11. മരുതോങ്കര	–	04			

വരും മാസത്തെ പ്രവർത്തനങ്ങൾ

ഒക്ടോബർ 20 മുതൽ നവംബർ 16 വരെ യൂണിറ്റ് ജനറൽ ബോഡികൾ നടത്തപെടുന്നു.

നവംബർ 02 : സംസ്ഥാന രചന മത്സരങ്ങൾ
നവംബർ 08 : രൂപതാതല ഫുട്ബോൾ ടൂർണ്ണമെന്റ്
നവംബർ 15 : മീഡിയ കോൺക്ലെവ്
നവംബർ 22, 23 : സംസ്ഥാന കലോത്സവം
നവംബർ 16 മുതൽ ഡിസംബർ 28 വരെ മേഖല വാർഷിക സെനറ്റുകൾ

ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ
ഡയറക്ടർ,
കെ.സി.വൈ.എം. – എസ്.എം.വൈ.എം.

കുടുംബക്കൂട്ടായ്മ

KUDUMBAKOOTTAYMA FORANE MEETING - NOVEMBER

Date	*Time*	*Forane*
14-11-2025 FRIDAY	03.00 pm-06.00 pm	KARUVARAKKUDU
18-11-2025 TUESDAY	05.00 pm – 08.00 pm	VILANGAD
19-11-2025 WEDNESDAY	05.00 pm – 08.00 pm	THOTTUMUKKAM

ഫാ. വർഗീസ് പനയ്ക്കൽ
ഡയറക്ടർ, കുടുംബക്കൂട്ടായ്മ

ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

നാഴികക്കല്ല്

റൂബി ജൂബിലിയോടാനുബന്ധിച്ച് ഒക്ടോബർ 4 ശനിയാഴ്ച രാത്രി 8.30ന് 'നാഴികക്കല്ല്' മെഗാ ഓൺലൈൻ സംഗമം നടത്തി. പ്രാർഥനയോടെ ആരംഭിച്ച മീറ്റിംഗിൽ താമരശ്ശേരി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ബ്രിജിൻ പൂതർമണ്ണിൽ രൂപതയുടെ 40 വർഷത്തെ വളർച്ചയുടെ ചരിത്രം, പഞ്ചാബ് മിഷൻ, രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ എന്നിവ വിവരിച്ച് ക്ലാസ്സ് നയിച്ചു. ഓരോ ശാഖയിലെയും വൈസ് ഡയറക്ടർ, ജൂനിയർ എക്സിക്യൂട്ടീവ് അംഗങ്ങൾ ഉൾപ്പെടെ മുന്നൂറോളം പേർ പങ്കെടുത്ത മീറ്റിംഗിൽ രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

ചെയിൻ റോസറി പ്രോഗ്രാം

ഒക്ടോബർ മാസം മിഷൻ മാസാചരണം നടത്തുകയും പരിശുദ്ധ അമ്മയോട് ചേർന്ന് മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്തു. ഒക്ടോബർ 5ന് ഓരോ ശാഖയിലെയും വികാരിയച്ചൻ വെഞ്ചിരിച്ചു നൽകിയ ജപമാലകൾ ശാഖയിലെ എല്ലാ കുഞ്ഞു മിഷനറിമാരിലൂടെയും കൈമാറി രൂപതയ്ക്ക് വേണ്ടിയും മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടിയും തങ്ങൾക്ക് ലഭിച്ച മിഷൻ ഗ്രാമത്തിന് വേണ്ടിയും ജപമാല ചൊല്ലി പ്രാർഥിച്ചു.

ജപമാല നിർമ്മാണ മത്സരം

ഈ ജപമാല മാസം ജപമാല കെട്ടാൻ കുട്ടികളെ പഠിപ്പിക്കുക, പ്രാർഥനയോടെ ജപമാല കെട്ടുക, ഏറ്റവും കൂടുതൽ ജപമാലകൾ ഉണ്ടാക്കി അയക്കുന്ന ശാഖയ്ക്ക് സമ്മാനം എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. രൂപതയിൽ ലഭിക്കുന്ന ജപമാലകൾ മിഷൻ പ്രദേശത്തേക്ക് അയച്ചു കൊടുക്കുന്നതാണ്. രൂപത മിഷൻലീഗ് ഓഫീസിൽ ജപമാലകൾ എത്തിക്കേണ്ട അവസാന തീയതി 5-11-2025.

കൈത്താങ്ങ് - സ്നേഹത്തിന്റെ കാഴ്ച സമർപ്പണം.

ഒക്ടോബർ മാസം ഒരു നേരത്തെ ഭക്ഷണം വേണ്ടെന്നുവെച്ച് ആ തുക മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെറുപുഷ്പ മിഷൻലീഗ് സംഘടന യിലെ അംഗങ്ങൾ സംഭാവന ചെയ്യുകയും ആ തുക കാഴ്ച സമർപ്പണമായി കുർബാനമധ്യേ നൽകുകയും ചെയ്തു.

റൂബി ജൂബിലി പ്രസംഗം

രൂപതയെ അറിയാൻ സ്നേഹിക്കാൻ എന്ന വിഷയം ആസ്പദമാക്കി 11-10-2025 ന് അൽഫോൻസ കോളേജിൽ വച്ച് പ്രസംഗ മത്സരം നടത്തി. 88 ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

റൂബി ജൂബിലി ക്വിസ് മത്സരം

12-10-2025 അൽഫോൻസ കോളേജിൽ വെച്ച് ക്വിസ് മത്സരം നടത്തി. 172 ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

മിഷൻ ഞായർ ആഘോഷം

19-10-2025 ഞായറാഴ്ച വിവിധ ശാഖകളിൽ വ്യത്യസ്തമായ രീതിയിൽ മിഷൻ ഞായർ ആഘോഷിച്ചു. ലിയോ പതിനാലാമൻ മാർ പാപ്പായുടെയും, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെയും മിഷൻ ഞായർ സന്ദേശം കുട്ടികളിൽ എത്തിച്ചു.

നന്ദിയോടെ ബഥാനിയ തിരുസന്നിധിയിൽ

ഒക്ടോബർ മാസത്തിൽ ബഥാനിയായിൽ നടക്കുന്ന അഖണ്ഡ ജപമാല സമർപ്പണത്തിൽ വിവിധ ശാഖകളുടെ നേതൃത്വത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്ത് രൂപതയ്ക്കു വേണ്ടിയും മിഷൻ പ്രദേശത്തിന് വേണ്ടിയും പ്രാർഥിച്ചു.

റൂബി ജൂബിലി സ്നേഹാദരവ്

റൂബിജൂബിലിയോടനുബന്ധിച്ച് വിവിധ മേഖല കേന്ദ്രങ്ങളിൽ മേഖല സമിതിയുടെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പഴയകാല പ്രസിഡന്റുമാരെ ആദരിച്ചു.

ചെറുപുഷ്പ മിഷൻലീഗ്,തിരുബാലസഖ്യം രൂപത കലോത്സവം (പ്രേഷിതം 2 K 25)

ചെറുപുഷ്പ മിഷൻലീഗ്, തിരുബാല സഖ്യം താമരശേരി രൂപത കലോത്സവം തിരുവമ്പാടി അൽഫോൻസ കോളേജിൽ വെച്ച് നടന്നു. കലോത്സവം തിരുവാമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജിനോ തറുപ്പ്തൊട്ടിയിൽ അധ്യഷത വഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, അൽഫോൻസ കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കൊല്ലംപറമ്പിൽ, ജൂനിയർ പ്രിസിഡന്റ് ക്രിസ് ബി. ഫ്രാൻസിസ്, എന്നിവർ പ്രസംഗിച്ചു.

ചെറുപുഷ്പ മിഷൻലീഗ് (പ്രേഷിതം 2K25)

രൂപത കലോത്സവത്തിന്റെ വിജയികൾ:	
ഓവറോൾ ചാമ്പ്യൻസ്	കൂരാച്ചുണ്ട് മേഖല
ഫസ്റ്റ് റണ്ണർ അപ്പ്	തിരുവമ്പാടി മേഖല
സെക്കന്റ് റണ്ണർ അപ്പ്	കോടഞ്ചേരി മേഖല
കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ശാഖകൾ	
First	കൂരാച്ചുണ്ട് ശാഖ
Second	തിരുവമ്പാടി ശാഖ
Third	ചക്കിട്ടപ്പാറ ശാഖ

തിരുബാലസഖ്യം

രൂപത കലോത്സവത്തിന്റെ വിജയികൾ:	
ഓവറോൾ ചാമ്പ്യൻസ്	തിരുവമ്പാടി ഫൊറോന
ഫസ്റ്റ് റണ്ണർ അപ്പ്	പാറോപ്പടി ഫൊറോന
സെക്കന്റ് റണ്ണർ അപ്പ്	കോടഞ്ചേരി ഫൊറോന
കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഇടവകകൾ	
First	കൂടരഞ്ഞി ഇടവക
Second	വിലങ്ങാട് ഇടവക
Third	പാറോപ്പടി ഇടവക

ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ
ഡയറക്ടർ,
ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

സെമിനാരി വാർത്തകൾ

അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ സന്ദർശനം

കല്യാൺ രൂപത ആർച്ച് ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർഥികളുമായി സംവദിച്ചു. കല്യാൺ അതിരൂപതയിലെ അഭിവന്ദ്യ പിതാവിന്റെ പുതിയ അജപാലന ശുശ്രൂഷകൾക്ക് സെമിനാരി കുടുംബം പ്രാർഥനയും ആശംസകളും നേർന്നു.

മിഷൻ ഞായർ ആചരണം

മിഷൻ പ്രദേശത്തു സേവനമനുഷ്ഠിക്കുന്ന വൈദികർ, സന്യസ്തർ, അല്മായർ എന്നിവരെ സമർപ്പിച്ച് വിനയ ഭവൻ എം. എസ്. എഫ്. എസ്. സുപ്പീരിയർ ബഹു. അഗസ്റ്റിൻ വെള്ളാരംകുഴി അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് തന്റെ മിഷനറി അനുഭവങ്ങൾ പങ്കുവെച്ചു. കുർബാനയ്ക്കുശേഷം മിഷന് സാമ്പത്തികസഹായം നൽകുന്നതിനായി സെമിനാരി വിദ്യാർഥികൾ വിവിധതരം പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. മിഷൻ പ്രവർത്തനത്തിനായുള്ള കളക്ഷന്റെ ഭാഗമായി സമാഹരിച്ച വിവിധങ്ങളായ വസ്തുക്കളുടെ ലേലംവിളി ഒക്ടോബർ 20 തിങ്കളാഴ്ച വൈകുന്നേരം നടന്നു.

കൊന്തമാസാചരണം

കൊന്തമാസത്തോടനുബന്ധിച്ച് സെമിനാരിയിലെ പത്തു ദിവസത്തെ ആഘോഷപൂർവകമായ കൊന്തയ്ക്ക് ഒക്ടോബർ 22 ന് തുടക്കം കുറിച്ചു. സെമിനാരി വിദ്യാർഥികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ദിവസത്തെയും ജപമാലയ്ക്ക് നേതൃത്വം കൊടുത്തു.

അഖണ്ഡ ജപമാല സമർപ്പണം

പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന അഖണ്ഡജപമാലയുടെ സമാപന ദിവസമായ ഒക്ടോബർ 25 ന് സെമിനാരിയിലെ വൈദികരും ബ്രദേഴ്സും ബഥാനിയാ ധ്യാനകേന്ദ്രം സന്ദർശിച്ച് ജപമാലയിലും വിശുദ്ധ കുർബാനയിലും സമാപനശുശ്രൂഷകളിലും പങ്കെടുത്തു.

ഫാ. കുര്യൻ താന്നിക്കൽ
റെക്ടർ

മദ്ബഹ ശുശ്രൂഷാ സംഘം (സ്മാർട്ട്)

ഒപ്പം: എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ഒക്ടോബർ മാസത്തിൽ കട്ടിപ്പാറ, വിലങ്ങാട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

'എന്റെ അൽഫോൻസാമ്മയ്ക്ക്' കത്തെഴുത്ത് മത്സരം': സ്മാർട്ട് അംഗങ്ങൾക്കായി ഒരുക്കിയ 'എന്റെ അൽഫോൻസാമ്മക്ക്' കത്തെഴുത്ത് മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു.

വിജയികൾ :

1st : സാൻജോ പുത്തൻപുരക്കൽ (മരിയാപുരം)
2nd : സോണറ്റ് നെളുകുംപാറ (പയ്യനാട്)
3rd : ഡോൺ പൈനാടത്ത് (ചെമ്പനോട)

മത്സരത്തിൽ ഇരുന്നൂറ്റി അമ്പതോളം പേർ പങ്കെടുത്തു. വിജയികൾക്കുള്ള ഫലകവും പ്രൈസും ഇടവകകളിൽ വിതരണം ചെയ്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വി. ജോൺ ബർക്കുമൻസിന്റെ തിരുനാൾ: സ്മാർട്ടിന്റെ സ്വർഗീയ മധ്യസ്ഥനായ വി. ജോൺ ബർക്കുമൻസിന്റെ തിരുനാൾ ദിനം നവംബർ 26ാം തീയതിയാണ്. തിരുനാൾ ദിനം എല്ലാ അൾത്താര ശുശ്രൂഷികളും വി. കുർബാനയിൽ പങ്കെടുക്കാൻ പരിശ്രമിക്കണം. തിരുനാൾ ആഘോഷം നവംബർ 30 ന് ഞായറാഴ്ച നടത്തേണ്ടതാണ്. അന്നേദിവസം യൂണിറ്റിൽ യോഗം ചേർന്ന് അൾത്താര ശുശ്രൂഷാസംഘത്തിന്റെ പ്രാർഥന (സ്മാർട്ട് നിയമാവലി, പേജ് 14) ചൊല്ലുക. സൺഡേ സ്കൂൾ അസംബ്ലി മധ്യേ വിശുദ്ധന്റെ ജീവചരിത്രം വായിക്കുന്നത് ഉചിതമാണ്. തിരുനാൾ ആഘോഷങ്ങൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർമാരും നേതൃത്വം നൽകണമെന്ന് അഭ്യർഥിക്കുന്നു.

ഒരുക്കം: അൾത്താര ശുശ്രൂഷികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ 9747036300 എന്ന നമ്പറിൽ വികാരിയച്ചന്മാർക്ക് ബന്ധപ്പെടാവുന്നതാണ്.

ഫാ. ജോർജ്ജ് കുമ്പുക്കൽ
ഡയറക്ടർ, SMART

എയ്ഡർ എഡ്യൂകെയർ

1. പാരിഷ് വിസിറ്റ്

പെരിന്തൽമണ്ണ ഫൊറോനയിലെ നെൻമേനി, പെരിന്തൽമണ്ണ, മാലാപറമ്പ്, പാലൂർകോട്ട, വലമ്പൂർ ഇടവകകളിലും പാറോപ്പടി ഫൊറോനയിലെ അമലാപുരി, ഈസ്റ്റ്ഹിൽ, മാങ്കാവ്, കുണ്ടായിത്തോട്, പാറോപ്പടി ഇടവകകളിലും ഒക്ടോബർ മാസത്തിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ വിസിറ്റ് നടത്തുകയും ഒമ്പതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെ കണ്ട് സംസാരിക്കുകയും പ്രാഥമിക വിലയിരുത്തൽ നടത്തുകയും ചെയ്തു.

2. എൻ എൽ പി ഗ്രാൻഡ് മാസ്റ്റർ പൂർത്തിയാക്കിയ എഡ്യൂ-കെയർ ടീം അംഗം സി. സജിനി ഡി.പി.എം.റ്റി. ക്ക് അഭിനന്ദനങ്ങൾ.

3. സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് ഒക്ടോബർ ഇരുപതാം തീയതി ചങ്ങനാശ്ശേരി അതിരൂപതയിലെ റിസോഴ്സ് ടീം പ്രതിനിധികൾക്ക് വേണ്ടി സംഘടിപ്പിച്ച ഫോർമേഷനിൽ താമരശ്ശേരി രൂപതയുടെ എയ്ഡർ എഡ്യൂക്കെയർ പദ്ധതി അവതരിപ്പിക്കുകയും വിശദാംശങ്ങൾ നൽകുകയും ചെയ്തു. ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ ക്ലാസ് നയിച്ചു. പദ്ധതിക്ക് വളരെ വലിയ സ്വീകാര്യത ലഭിച്ചു.

4. എയ്ഡർ എഡ്യൂ-കെയറിന്റെ താമരശ്ശേരിയിലെ ഓഫീസ് നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു. രൂപത കേന്ദ്രത്തിലെ MMPC പാസ്റ്ററൽ സെന്ററിനോട് ചേർന്നുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചു വരുന്നത്.

അറിയിപ്പുകൾ

1. റൈസ് ടു ഐഎഎസ് - പ്രലിംസ് പരീക്ഷ നവംബർ 22 ന് സിവിൽ സർവീസ് ലക്ഷ്യത്തോടെ ഫൗണ്ടേഷൻ കോഴ്സിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന 125 വിദ്യാർഥികളുടെ പ്രലിംസ് പരീക്ഷ നവംബർ 22ന് രൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും. പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

2. LIFE LAUNCH - NLP - ട്രെയിനിങ് ക്യാമ്പ് മലപ്പുറം മേഖല പഠനത്തിലും ജീവിത ലക്ഷ്യത്തിലും വിവിധ കാരണങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് വേണ്ടി നടത്തിവരുന്ന ലൈഫ് ലോഞ്ച് പ്രോഗ്രാം ഡിസംബർ 26, 27, 28 തീയതികളിൽ മലപ്പുറം റീജിയണിലെ കരുവാരക്കുണ്ട് മലപ്പുറം പെരിന്തൽമണ്ണ ഫൊറോന കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ള കുട്ടികൾ ബന്ധപ്പെടുമല്ലോ. സി. സജിനി : 6284 233 091.

ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

സ്റ്റാർട്ട് (START)

20 kw Solar Power Plant Inaugurated at START

സ്റ്റാർട്ട് അക്കാദമിയിൽ 20 കിലോ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെച്ചിരിപ്പ് കർമവും ഉദ്ഘാടനവും നിർവഹിച്ചു. രൂപത ചാൻസലർ ഫാ. ഡോ. സെബാസ്റ്റ്യൻ കാവളക്കാട്ട് ചടങ്ങിൽ സന്നിഹിതനായിരുന്നു. ഉദ്ഘാടന പ്രസംഗത്തിൽ നെതർലാൻഡിലെ സെന്റ് തോമസ് സ്റ്റിച്ചിങ് ഫൗണ്ടേഷനോട് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി അവരുടെ മഹാമനസ്കതയെ പ്രശംസിച്ചു.

സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിലിനെയും ഇതിന്റെ പ്രവർത്തകരെയും ബിഷപ്പ് അഭിനന്ദിച്ചു. *ലൗ ദാ തോസിയിലെ* ആശയം ഉൾക്കൊണ്ടുകൊണ്ട് പരിതസ്ഥിതി സംരക്ഷണത്തിനും നിലനിൽപ്പിനു മുള്ള സഭയുടെ പ്രതിബദ്ധതയെ ബിഷപ്പ് ഊന്നിപ്പറഞ്ഞു. വികാരി സോളാർ ഇന്റർനാഷണൽ നിർവഹിച്ച ഈ പദ്ധതി രൂപതയുടെ പുനരുപയോഗ ഊർജ്ജമേഖലയിൽ മുന്നോട്ടുള്ള വലിയൊരു ചുവടുവെപ്പായി മാറുന്നു.

സ്റ്റാർട്ട് AI & Python കോഴ്സ് നാലാം പതിപ്പ്

സ്റ്റാർട്ട് അക്കാദമിയുടെ AI & Python കോഴ്സിന്റെ നാലാം പതിപ്പ് ആരംഭിച്ചിരിക്കുന്നു. ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://www.startindia.org/online, Contact: 0495-2357843, 9037107843, 9744458111 Web: www.startindia.org| Email:startcalicut22@gmail.com.

ഫാ. ജേക്കബ് കിഴക്കേവീട്ടിൽ
ഡയറക്ടർ, സ്റ്റാർട്ട്

ബൈബിൾ അപ്പോസ്തോലേറ്റ്

ജൂബിലി ലോഗോസ് ക്വിസ് 2025

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ആദ്യ ഘട്ട മത്സരം 2025 സെപ്റ്റംബർ 28, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 3.30 വരെ നടന്നു. താമരശ്ശേരി രൂപതയിലെ 123 സെന്ററുകളിൽ നിന്നുമായി 14,307 പേർ പ്രസ്തുത മത്സരത്തിൽ പങ്കെടുത്തു. 2025 ഒക്ടോബർ 12 പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും പുനർമൂല്യനിർണയത്തിന് ശേഷം ഒക്ടോബർ 18 ന് രൂപതാതല വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. സംസ്ഥാനതല മത്സരം നവംബർ 09 നും മെഗാ ഫൈനൽ മത്സരം നവംബർ 22 – 23 തീയതികളിലും നടക്കും.

രൂപതാതല വിജയികൾക്ക് അഭിനന്ദനങ്ങൾ

രൂപതാതലത്തിൽ വിജയിച്ച് സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടിയ ഓരോ കാറ്റഗറിയിലേയും ആദ്യ മൂന്നു റാങ്കുകാർ യഥാക്രമം (ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നത് ഇടവക).

എ കാറ്റഗറി : ജിയോ മഠത്തിൽ വെറ്റിലപ്പാറ), ജെറോൺ ടോം പൊന്നാമറ്റം (കൂടത്തായി), ബേസിൽ ആന്റണി തോണക്കര (ചെമ്പനോട)

ബി കാറ്റഗറി: സാൽവിയ സനീഷ് തോണക്കര (കൂടരഞ്ഞി),
ആൽഫിയ സിബു പുത്തൻപുരയിൽ (ചുണ്ടത്തുംപൊയിൽ),
ഗ്രേസ് ടെസ പൂത്തറ (കട്ടാങ്ങൽ).

സി കാറ്റഗറി: സി. ജോസ്ന മരിയ എഫ്.സി.സി. (പാറോപ്പടി),
റിയോണ മരിയ, ജയ്സൺ ഇളയിടത്ത് (കോടഞ്ചേരി),
ആൻസി വർഗീസ് ഉപ്പുകണ്ടത്തിൽ (പയ്യനാട്).

ഡി കാറ്റഗറി: ജിസി A. K. മരോട്ടിക്കുഴി (കുരാച്ചുണ്ട്), ഷിംല വെട്ടുകല്ലേൽ (കുണ്ടുതോട്), സി. ദിവ്യ ദേവസ്യ എഫ്.സി.സി. (പാറോപ്പടി).

ഇ കാറ്റഗറി: സി. ജാൻസി മരിയ എഫ്.സി.സി. (ചക്കിട്ടപ്പാറ),
മിനി മാത്യു പുതുപ്പള്ളി (വിലങ്ങാട്), ലിസി മാത്യു കൊച്ചുവീട്ടിൽ (അടയ്ക്കാക്കുണ്ട്).

എഫ് കാറ്റഗറി: മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്), റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി), സാലി ജോർജ് കപ്പലുമാക്കൽ(പന്തല്ലൂർ).

പ്രാർഥനാശംസകൾ

ജർമ്മനിയിലെ റോട്ടൻബർഗ്-സ്റ്റുട്ട്ഗാർട്ട് രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന താമരശ്ശേരി രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ മുൻ ഡയറക്ടർ ബഹു മാനപ്പെട്ട മാത്യു കോരംകോട്ട് അച്ചന് പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർഥനാപൂർവം നേരുന്നു.

ഫാ. അബ്രാഹം സ്രാമ്പിക്കൽ
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

കരിസ്മാറ്റിക് മൂവ്മെന്റ്

ആത്മനിറവ്

തോട്ടുമുക്കം സബ് സോണിൽ തോട്ടുമുക്കം ഇടവകയിലും, കോടഞ്ചേരി സബ് സോണിൽ കോടഞ്ചേരി ഇടവകയിലും, കൂരാച്ചുണ്ട് സബ് സോണിൽ കല്ലാനോട് ഇടവകയിലും, സിറ്റി സബ് സോണിൽ കുന്നമംഗലം ഇടവകയിലും, താമരശ്ശേരി സബ് സോണിൽ കട്ടിപ്പാറ ഇടവകയിലും 'ആത്മനിറവ്' സബ് സംഗമങ്ങൾ നടത്തി. സംഗമങ്ങൾ നടന്ന ഇടവകയിലെ വികാരിയച്ചന്മാരെയും സബ് സോണിലെ ആനിമേറ്റർ അച്ചന്മാരെയും സബ്സോൺ കോഡിനേറ്റർ, സർവീസ് ടീം അംഗങ്ങൾ എന്നിവരെയും നന്ദിയോടെ അനുസ്മരി ക്കുന്നു.

ഫാ. ഡോമിനിക് കുഴിവേലിൽ, ഷാജു കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ കറുകമാരിൽ, സി. സി. മത്തായി, ജോൺസൺ തുണ്ടത്തിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ഫാ. ഡോമിനിക് കുഴിവേലിൽ
ഡയറക്ടർ,
കരിസ്മാറ്റിക് മൂവ്മെന്റ്

ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് (JPI)

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ് ആൻഡ് സൈക്കോതെറാപ്പി ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സിലുടനീളം വ്യക്തിഗത വളർച്ചയുടെയും കൗൺസിലിംഗിന്റെയും അതുല്യമായ സൗകര്യം ജെപിഐ വിദ്യാർഥികൾക്ക് വാഗ്ദാനം ചെയ്യുന്നു. ജെപിഐ വിദ്യാർഥികൾക്ക് യഥാർഥ തൊഴിൽ ക്രമീകരണങ്ങളിൽ പരിശീലനത്തിനുള്ള അവസരങ്ങളും നല്കുന്നു. എല്ലാ പ്രോഗ്രാമുകളും മികച്ച സൈദ്ധാന്തിക അടിത്തറയുള്ളതും മാറുന്ന ലോകത്ത് ഫലപ്രദമായി ജീവിക്കാൻ ഉൾക്കാഴ്ചകളും കഴിവുകളും വിവരങ്ങളും ഉപയോഗിച്ച് സ്വയം ശാക്തീകരിക്കാൻ വിദ്യാർഥികളെ സജ്ജമാക്കുന്നു. ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ്ലൈനായും, ഓൺലൈനായും, നടക്കുന്നു. സൗജന്യ കൗൺസി ലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ

OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

കോഴ്സുകൾ

1. എം.എസ്.സിഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം.എസ്.സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

അറിയിപ്പ്

ആത്മഹത്യയും ഡിപ്രെഷനും വർധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കു വാനും പ്രവർത്തന സജ്ജമായ **'ഹോപ്പ് ലൈൻ'** എന്ന എമർജൻസി ഹെൽപ് ലൈൻ ഒക്ടോബർ ഇരുപതാം തീയതി റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സംസാരിക്കുന്നതി നായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.

ഫാ. കുര്യൻ പുരമഠം
ഡയറക്ടർ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പ്രവാസി അപ്പോസ്തോലേറ്റ്

ഓരോ ഇടവകയിൽ നിന്നുമുള്ള പ്രവാസികളുടെ എണ്ണം ഇടവകയിൽ നിന്നും തന്ന ലിസ്റ്റ് പ്രകാരം ചുവടെ ചേർക്കുന്നു.

1.	ST. ALPHONSA FORANE CHURCH, PERINTALMANNA	69
2.	ST. GEORGE CHURCH, CHAMAL	22
3.	ST. ANTONY'S FORANE CHURCH, PAROPPADY	108
4.	HOLY FAMILY CHURCH, VENAPPARA	35
5.	ST JOSEPH'S CHURCH, DEVAGIRI	31
6.	ST MARY'S CHURCH, BALUSSERY	11
7.	ST JOSEPH'S CHURCH, KUTTIPPURAM	5
8.	ST ALPHONSA CHURCH, KAKKAVAYAL	2
9.	ST PAUL'S CHURCH, KADALUNDI	5
10.	ST. MARY'S CHURCH, KAKADAMPOYIL	10
11.	INFANT JESUS CHURCH, VENDEKUMPOIL	3
12.	INFANT JESUS CHURCH, ASHOKAPURAM	5
13.	ST JOSEPH CHURCH, KATTANGAL	5
14.	MAR SLEEVA CHURCH, KULIRAMUTTY	3
15.	ST MARY'S CHURCH, VALILLAPUZHA	16
16.	ST ANTONY'S CHURCH, CHAKKITTAPARA	1

ഫാ. കുര്യൻ പുരമഠം
ഡയറക്ടർ, പ്രവാസി അപ്പോസ്തോലേറ്റ്

മരിയൻ പ്രോലൈഫ് മൂവ്മെന്റ്

ബഥാനിയിൽ നടത്തപ്പെടുന്ന അഖണ്ഡ ജപമാല സമർപ്പണത്തിൽ 17-10-2025 ന് മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ലോക സമാധാനത്തിനും കുടുംബവിശുദ്ധീകരണത്തിനുമായി ജപമാല അർപ്പിച്ചു. ഏകദേശം ഇരുപതോളം കുടുംബങ്ങൾ പങ്കെടുത്തു.

ഒന്നാം റാങ്ക് ലഭിച്ച വിദ്യാർഥിയെ ആദരിച്ചു

കാലിക്കറ്റ് യൂണിവേഴ്സിറ്റി 2025 മാർച്ചിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ച തിരുവമ്പാടി ഇടവക മണ്ഡപത്തിൽ എസ്തർ ലിസ്ബത്ത് മാത്യുവിനെ താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ കീഴിലുള്ള സെന്റ് ജീയന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ അഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ മാർ റെമീജീയോസ് ഇഞ്ചനാനിയിൽ ആദരിച്ചു. തിരുവമ്പാടി ഇടവക മണ്ഡപത്തിൽ മാത്യു - ജെയിൻ ദമ്പതികളുടെ നാലു മക്കളിൽ മൂത്തവളാണ് എസ്തർ ലിസ്ബത്ത് മാത്യു. ചടങ്ങിൽ മരിയൻ പ്രോലൈഫ് മൂവ്മെന്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡണ്ട് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, ട്രഷറർ ടോമി പ്ലാത്തോട്ടം, ഇമ്മാനുവേൽ പുതുപ്പള്ളിതകിടിയിൽ, നൈജിൽ പുരയിടത്തിൽ, സെമിലി അറയ്ക്കപറമ്പിൽ, വിനോദ് വെട്ടത്ത്, തോമസ് പുത്തൻപുരയിൽ എന്നിവർ സന്നിഹിതരായിരുന്നു. റാങ്ക് ജേതാവിന് മെമെന്റോയും ക്യാഷ് അവാർഡും നൽകി.

ഫാ. ജോസ് പെണ്ണാപറമ്പിൽ
ഡയറക്ടർ,
മരിയൻ പ്രോലൈഫ് മൂവ്മെന്റ്

വികസനവേദി

ഗ്രാമവികസന സമിതിയോഗം

15-10-2025 കോടഞ്ചേരി ഗ്രാമവികസന സമിതിയോഗം സംഘടിപ്പിച്ചു. യോഗത്തിൽ 15 അംഗങ്ങൾ പങ്കെടുത്തു. എം.എസ്.ഡബ്ലിയു പഠിക്കുന്ന, COD യിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന രണ്ട് വിദ്യാർഥികൾ ക്ലാസ് നയിച്ചു. വേൾഡ് ഹാൻഡ് വാഷിംഗ് ഡേ, വേൾഡ് ഫുഡ് ഡേ എന്നിവയെക്കുറിച്ച് ക്ലാസ് നൽകിയ ശേഷം, അംഗങ്ങളെ മൂന്ന് ഗ്രൂപ്പുകളായി വിഭജിച്ച് ഗ്രൂപ്പ് ചർച്ചകൾ നടത്തി. ചർച്ചയിൽ പഴയ ഭക്ഷണരീതികളും ഇന്നത്തെ ഭക്ഷണരീതികളും, അതിൽ നിന്നുണ്ടാകുന്ന ആരോഗ്യപരമായ മാറ്റങ്ങളും പരിശോധിച്ചു. ഗ്രൂപ്പിൽ നിന്ന് വിവിധ അഭിപ്രായങ്ങൾ ഉയർന്നു; പഴയ ഭക്ഷണരീതിയിൽ അസുഖങ്ങൾ കുറവായിരുന്നു, ഇന്നത്തെ ഫുഡിന്റെ ഫലമായി പലരോഗങ്ങളും ഉണ്ടാകുന്നു എന്നുമുള്ള വിലയിരുത്തലും നടന്നു. കുട്ടികളിൽ വരുന്ന മാറ്റങ്ങൾ, സാമൂഹിക കമ്മ്യൂണിക്കേഷനിലെ കുറവ്, മൊബൈൽ ഫോൺ ഉപയോഗത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയും ചർച്ചചെയ്തു.

സ്വയം സഹായ സംഘം വാർഷികം (എസ്.എച്ച്.ജി.)

കോടഞ്ചേരി ഏരിയ കുരോട്ടുപാറ ആൽഫ സ്വയം സഹായ സംഘം ഒന്നാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രസിഡണ്ട് സജി യോഗം അധ്യക്ഷത വഹിച്ചു. സെക്രട്ടറി റെജി ആന്റണി സ്വാഗതം അറിയിച്ചു, വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടന കർമ്മം നിർവഹിച്ചു. കുരോട്ടുപാറ പള്ളി വികാരി ഫാ. ലിബിൻ, പ്രോഗ്രാം കോർഡിനേറ്റർ ജോയി K C, ഏരിയ കോർഡിനേറ്റർ ഷീജ ടോബി ആശംസകൾ നേർന്നു. ഖജാൻജി ജോയി തറപ്പേൽ എല്ലാവർക്കും നന്ദി പറഞ്ഞു.

വയോജനദിനാചരണം

കൂരാച്ചുണ്ട് ജി. വി. എസിന്റെ നേതൃത്വത്തിലുള്ള വയോജന സംഘം വയോജനദിനം ആചരിച്ചു. കൂരാച്ചുണ്ട് സെന്റ് ജോസഫ്സ് ഓൾഡ് എജ് ഹോമിലെ പ്രായമായ അംഗങ്ങളെയും ഉൾപ്പെടുത്തി ദിനാചരണം നടന്നു. AFMA പ്രസിഡണ്ട് ജോസഫ് എളംപ്ലാശ്ശേരി അധ്യക്ഷനായി. സി. സ്റ്റെല്ല അനുഗ്രഹ പ്രഭാഷണം നടത്തി. ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടി ഉദ്ഘാടനം ചെയ്തു. ജോസ് ചെറുവള്ളിയിൽ ആശംസ അർപ്പിച്ചു. ഗ്രൂപ്പ് അംഗങ്ങളുടെ കലാപരിപാടികളും ഓൾഡ് എജ് ഹോമിലെ അന്തേവാസികളുടെ പരിപാടികളും നടന്നു.

കാർഷിക വായ്പ വിതരണം

COD യുടെ നേതൃത്വത്തിൽ കാനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. താമരശ്ശേരി, അടിവാരം, തിരുവമ്പാടി കാനറാ ബാങ്കുകളുമായി ചേർന്ന് പുതുപ്പാടി, വിലങ്ങാട്, കൂരാച്ചുണ്ട് ഗ്രാമവികസന സമിതികളുടെ കീഴിലുള്ള 136 കർഷകർക്ക് വായ്പ വിതരണം ചെയ്തു. ബാങ്ക് സ്റ്റാഫ്, COD സ്റ്റാഫ് നേതൃത്വം നൽകി.

കാരിത്താസ് ഇന്ത്യ - 'സേഫ് വിത്തിൻ'

ദുരന്ത പ്രതിരോധവും ജീവിതോപാധി വികസനവും ലക്ഷ്യമാക്കി CODയുടെ പുതിയ പദ്ധതിക്ക് തുടക്കം.

കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെ പുതുപ്പാടി, വാണിമേൽ പഞ്ചായത്തുകളിൽ ഡിസാസ്റ്റർ റെസിലിയൻസ്, സൈക്കോ- സോഷ്യൽ സപ്പോർട്ട്, ലൈവ്‌ലിഹുഡ് പ്രോത്സാഹനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന CODയുടെ പുതിയ പദ്ധതി ഔദ്യോഗികമായി ആരംഭിച്ചു.

പദ്ധതിയുടെ ലക്ഷ്യം സമൂഹത്തിന്റെ ദുരന്ത പ്രതിരോധശേഷി വർധിപ്പിക്കുക, കുടുംബങ്ങളുടെയും വ്യക്തികളുടെയും മാനസികാ രോഗ്യവും ജീവിതോപാധിയും ശക്തിപ്പെടുത്തുക എന്നതാണ്. പങ്കാളിത്താടിസ്ഥാനത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വഴി സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് ദുരന്തങ്ങൾക്ക് മുന്നൊരുക്ക ത്തിനുള്ള ബോധവൽക്കരണവും പ്രായോഗിക പരിശീലനങ്ങളും COD നൽകുന്നു.

കാരിത്താസ് ഇന്ത്യയുടെ പിന്തുണയും CODയുടെ പ്രവർത്തന പരിചയവും ഉപയോഗപ്പെടുത്തി, പുതുപ്പാടി വാണിമേൽ പ്രദേശങ്ങളെ കൂടുതൽ പ്രതിരോധ ശേഷിയുള്ള, സ്വയംനില നിൽപ്പുള്ള സമൂഹങ്ങളാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. പ്രൊജക്റ്റുമായി ബന്ധപ്പെട്ട്, ഒക്ടോബർ 28 ന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ 4 ദിവസത്തെ ജി.ഐ.എസ്. ട്രെയിനിങ്ങ് നടക്കും. തുടർന്ന്, നവംബർ 1 ന് സുൽത്താൻ ബത്തേരി ശ്രേയസിൽ "സേഫ് വിത്തിൻ റീകണക്ട് വയനാട് വിലങ്ങാട്" എന്ന പേരിൽ പ്രൊജക്റ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നു.

കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി

കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി 66 വീടുകളിൽ 60 വീടുകളുടെ തറക്കല്ലിടൽ പ്രവർത്തനങ്ങൾ പൂർത്തിയായി. അതേസമയം 21 വീടുകൾ പൂർണമായും നിർമ്മിച്ച് താമസയോഗ്യമാക്കി.

17-10-2025 ന്, ഇൻഫാമിന്റെ സഹായത്തോടെ പൂർത്തീകരിച്ച ശ്രീ. ത്രേസ്യാമ്മ കറുകപ്പള്ളിയുടെ പുതിയ വീടിന്റെ വെഞ്ചരിപ്പ് ചടങ്ങ് നടന്നു. ചടങ്ങ് ഇൻഫാം ദേശീയ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയുടെ അധ്യക്ഷതയിൽ സമ്പൂർണമായി നടന്നു. ഈ ചടങ്ങിൽ വീടിന്റെ ആഭ്യന്തര പ്രവർത്തനങ്ങൾ, സുരക്ഷിതത്വം, നിലവിലുള്ള സൗകര്യങ്ങൾ എന്നിവയുടെ വിശദവിവരങ്ങളും പങ്കുവെച്ചു. ഗുണഭോക്താക്കൾ, പ്രദേശവാസികൾ, സ്റ്റാഫ് അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു,

2025 ഒക്ടോബർ 20 ാം തീയതി വൈകുന്നേരം 3 മണിക്ക് ജിൻസ് സെബാസ്റ്റ്യൻ മണിമലയിൽ കുടുംബത്തിന്റെ പുതിയ ഭവനത്തിന്റെ ആശീർവാദച്ചടങ്ങ് ഭക്തിപൂർവം നടത്തി. ചടങ്ങ് വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ മുഖ്യകാർമികനായി നിർവഹിച്ചു. മഞ്ഞക്കുന്ന് പള്ളി വികാരി ഫാ. ബോബി പൂവത്തിങ്കൽ, സി.ഒ.ഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ ആൽബിൻ സക്കറിയാസ് എന്നിവർ പങ്കെടുത്തു.

പുതിയ ഭവനാശീർവാദത്തോടനുബന്ധിച്ച് നടന്ന പ്രാർഥനാ സമ്മേളനത്തിൽ ബന്ധുക്കളും അയൽവാസികളും പങ്കെടുത്തു.

പദ്ധതിയുടെ ലക്ഷ്യം പ്രകൃതിദുരന്തങ്ങൾക്ക് പിന്നിൽ നിൽക്കുന്ന കുടുംബങ്ങൾക്ക് സുരക്ഷിതവും സ്ഥിരവുമായ ഭവനസൗകര്യം നൽകുകയും, ഇവരുടെ ജീവിതോപാധിയും സുരക്ഷിതത്വവും ഉറപ്പാക്കുകയും ചെയ്യുകയാണ്.

കാവൽ പ്രോജക്റ്റ്

വനിതാ-ശിശു വികസന വകുപ്പ്, COD നടപ്പിലാക്കുന്ന കാവൽ പദ്ധതിയിൽ സാമ്പത്തികമായി പിന്നോക്കമുള്ള 10 കുട്ടികൾക്ക് താമരശ്ശേരി സേഫ് സൂപ്പർമാർക്കറ്റ് വഴി ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. പദ്ധതി കോ-ഓർഡിനേറ്റർ അമൽ, കേസ് വർക്കർ അശ്വന സന്തോഷ് നേതൃത്വം നൽകി.

കേസ് വർക്കർ നിയമനം

നിലവിലെ കേസ് വർക്കർ അശ്വന സന്തോഷ് ഉപരിപഠനത്തിനായി രാജിവെച്ച ഒഴിവിൽ പുതിയ നിയമനം നടത്തി. പുതിയ അപേക്ഷകൾ സ്വീകരിച്ച്, കണ്ണൂർ ജില്ലയിൽ നിന്നുള്ള രസ്ന പി. പി. നിയമിതയായി. അഭിമുഖം താമരശ്ശേരി അൽഫോൻസ ഹാളിൽ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് സ്റ്റാഫ് അംഗങ്ങൾ, COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

ഫീസ്റ്റ് ആഘോഷം

താമരശ്ശേരി രൂപതയുടെ അഭിവന്ദ്യ പിതാവിന്റെ ഫീസ്റ്റ് COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങരയുടെ നേതൃത്വത്തിൽ COD സ്റ്റാഫ്, ബിഷപ്പ് ഹൗസിൽ വെച്ച് പിതാവിന് ഗിഫ്റ്റ് നൽകികൊണ്ട് ആശംസകൾ അറിയിച്ചു.

മറ്റു പരിപാടികൾ

കേരള സർക്കാർ സാമൂഹിക നീതി വകുപ്പ്, തൃശൂർ റീജിയണൽ തീയേറ്ററിൽ സംഘടിപ്പിച്ച 'വിഷൻ 2031' പരിപാടിയിൽ, വനിതാ - ശിശു വികസന വകുപ്പ് സംഘടിപ്പിച്ച പരിപാടികളിൽ CODയെ പ്രതിനിധീകരിച്ചു. കാവൽ പദ്ധതി കോ-ഓർഡിനേറ്റർ അമൽ പങ്കെടുത്തു.

സെന്റ് അൽഫോൻസാ ഡയാലിസിസ് യൂണിറ്റ്

ഡയാലിസിസ് യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നു. നിലവിൽ 6 രോഗികൾ ഡയാലിസിസ് നടത്തുന്നു. ഡയറക്ടർ ഫാ. ജോൺ ഒറവങ്കരയുടെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങളും രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും, ഫുഡ് കിറ്റ് വിതരണം ചെയ്യുകയും ചെയ്തു.

മലബാർ ലേബർ മൂവ്മെന്റ്

06-10-2025 കേരള ലേബർ മൂവ്മെന്റ് താമരശ്ശേരി നേതൃത്വത്തിൽ Empower Craft പ്രോജക്റ്റിന്റെ ഭാഗമായി അസംഘടിത മേഖലയിലെ തയ്യൽ തൊഴിലാളികൾക്ക് സഹായം നൽകി. ചെറിയ ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്താൻ 5 തയ്യൽ മെഷീനുകളും 15 ആടുകളും വിതരണം ചെയ്തു. ചടങ്ങ് താമരശ്ശേരി KLM ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോഷി ജോസഫ്, സെക്രട്ടറി ബിജി ജോസ്, ഓഫീസ് സെക്രട്ടറി ടെസ്സി സിബി എന്നിവർ പങ്കെടുത്തു.

ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

ഒക്ടോബർ മാസത്തിൽ എൽ.ഡി.എസ്. ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന വിവിധ പരിപാടികളും പ്രോഗ്രാമുകളും യുവജനങ്ങൾ, വിദ്യാർഥികൾ, അധ്യാപകർ, മാതാപിതാക്കൾ തുടങ്ങിയവരിൽ പ്രചോദനവും ആത്മവിശ്വാസവും വിതച്ചത് ശ്രദ്ധേയമാണ്. സംഘടനയുടെ കൂട്ടായ പരിശ്രമം ഭാവിയിലും കൂടുതൽ വിദ്യാർഥികളെയും കുടുംബങ്ങളെയും ഉൾച്ചേർക്കാമെന്ന പ്രതീക്ഷയോടെയാണ് മുന്നോട്ട് പോകുന്നത്.

അഡ്മിഷൻ പ്രവർത്തനങ്ങൾ

കർണാടകയിലെ വിവിധ കോളേജുകളിൽ LDS ടീമിന്റെ നേതൃത്വത്തിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളെ അവരുടെ മാതാപിതാക്കൾക്കൊപ്പം കോളേജുകളിൽ എത്തിച്ച് ക്ലാസ് പ്രവേശനം നടത്തി. മംഗലാപുരം ഫാദർ മുള്ളർ കോളേജ്, സിറ്റി കോളേജ്, ഹസ്സനിലെ രാജീവ് കോളേജ്, ബാംഗ്ലൂർ സെന്റ് ബെനഡിക്ട് കോളേജ്, ഷിമോഗയിലെ സുബയ്യ കോളേജ്, ഉഡുപ്പി ആദർശ കോളേജ്, വിദ്യാരത്ന കോളേജ്, തുടങ്ങിയ സ്ഥാപനങ്ങളിലാണ് ക്ലാസ് ആരംഭിച്ചത്.

നഴ്സിംഗ് (B.Sc Nursing, General Nursing, Post B.Sc), പാരാമെഡിക്കൽ തുടങ്ങിയ കോഴ്സുകളിലേക്ക് അഡ്മിഷൻ പ്രവർത്തനങ്ങൾ സജീവമായി തുടരുന്നു. Contact: 9447929223

ക്ലാസുകളും സെമിനാറുകളും

കല്ലാനോട് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ +2 വിദ്യാർഥികൾക്കായി ഫാ. തോമസ് പാറൻകുളങ്ങര, ശ്രീ. മാത്യു മേൽവെട്ടം, ശ്രീ. ബോണി ആനത്താനത്ത്, ശ്രീ. സന്ദീപ് കളപ്പുരക്കൽ എന്നിവരുടെ നേതൃത്വത്തിൽ സ്പ്രിംഗ് ബോർഡ് പ്രോഗ്രാം നടത്തി.

ചെമ്പനോട സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ പഠിക്കുന്ന 10 - ാം ക്ലാസ് വിദ്യാർഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. എൽ.ഡി.എസ്. ട്രെയിനർ ശ്രീ. മാത്യു മേൽവെട്ടം ക്ലാസുകൾ നയിച്ചു.

മലപ്പുറം സെന്റ് ജെമ്മാസ് ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകർക്കായി ഫാ. തോമസ് പാറൻകുളങ്ങര, മാത്യു മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് ആലക്കൽ എന്നിവരുടെ നേതൃത്വത്തിൽ 'MNTORA 2K25' ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു.

പുതുപ്പാടി മദർ തെരേസ ട്രെയിനിംഗ് സെന്ററിൽ താമരശ്ശേരി ഉപജില്ല ഡി.ഇ.ഒ യുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കായി നടത്തിയ 'ക്രിയാത്മക കൗമാരം' എന്ന പ്രോഗ്രാം നടത്തി.

ആനക്കാംപൊയിൽ ഇടവകയിലെ അമ്മമാർക്കായി 'MOTHERS EVE' എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. ഫാ. തോമസ് പാറൻകുളങ്ങര, മാത്യു മേൽവെട്ടം എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

DCL IQ വിൻമാസ്റ്റർ ടെസ്റ്റ്

ഡി.സി.എൽ. IQ വിൻമാസ്റ്റർ ടെസ്റ്റിനോട് അനുബന്ധിച്ച് ആവിശ്യമായ ചോദ്യപേപ്പറുകളും ഹാൾടിക്കറ്റുകളും മാത്യു മേൽവെട്ടം, പ്രിൻസ് ആലക്കൽ, സിദ്ധാർത്ഥ് എസ്. നാഥ്, സിൽജോ മാനുവൽ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളുകളിൽ വിതരണം ചെയ്തു. ഡിസിഎൽന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ വിദ്യാർഥികൾക്കായി IQ വിൻമാസ്റ്റർ ടെസ്റ്റ് നടത്തി.

DCL ബാഡ്മിന്റൺ ടൂർണമെന്റ്

താമരശ്ശേരി അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഡി.സി.എൽ. ന്റെ നേതൃത്വത്തിൽ ബാഡ്മിന്റൺ ടൂർണമെന്റ് ഫാ. തോമസ് പാറൻകുളങ്ങര, സന്ദീപ് കളപ്പുരക്കൽ, ആൽബിൻ നെല്ലംകുഴിയിൽ, പ്രിൻസ് ആലക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തി. അൽഫോൻസാ സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജിൽസൺ തയ്യിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. ഡി. 3378 (TAFCOS), Web: www.tafcos.com, Ph: 6282914112.

താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി വളർച്ചയുടെ പാതയിലാണ്. 2025 ഒക്ടോബർ മാസത്തിന്റെ ആരംഭത്തിൽ സൊസൈറ്റിയിൽ 4400 ന് മുകളിൽ ഇടപാടുകാരുണ്ട്. 100 ന് മുകളിൽ ചെറുകിട കച്ചവടക്കാർ ഇടപാട് നടത്തുന്നുണ്ട്. 4100 സേവിംഗ്സ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 400 സ്ഥിര നിക്ഷേപകരുണ്ട്. 2600 പേർ സൊസൈറ്റി നടത്തുന്ന ഗ്രൂപ്പ് നിക്ഷേപ (ചിട്ടി) ത്തിൽ ചേരുകയും 47 ചിട്ടികൾ നടത്തിവരികയും ചെയ്യുന്നു. ഓഹരി നിക്ഷേപം 2.21 കോടി രൂപയും അംഗങ്ങളുടെ നിക്ഷേപം 5.23 കോടിയുമാണ്. മറ്റു ബാങ്കുകളിൽ 2.53 കോടി നിക്ഷേപിക്കുകയും 4.70 കോടി വായ്പ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് സൊസൈറ്റിയുടെ മികവുറ്റ പ്രവർത്തനങ്ങളും വിശ്വാസ്യതയുമാണ്. അഭിവന്ദ്യ പിതാവ് ചെയർമാനാ യുള്ള

ഗവേണിംഗ് ബോഡി കൃത്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഭരണസമിതി അംഗങ്ങളുടെയും സൊസൈറ്റി മെംബർമാരുടെയും എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സൊസൈറ്റിയുടെ പ്രവർത്തന ത്തിന് കരുത്തു പകരുന്നു. ലളിതമായ നടപടി ക്രമങ്ങളോടെ വളരെ വേഗത്തിൽ കുറഞ്ഞ പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പകളും ഗ്രൂപ്പടിസ്ഥാന ത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള വായ്പകളും സൊസൈറ്റിയിൽ നിന്ന് നൽകി വരുന്നു.

Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യ-കാർഷിക ധാർമികതാ പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം. താമരശ്ശേരി രൂപതയുടെ നേതൃത്വ ത്തിൽ പ്രവർത്തിക്കുന്നു. Ph: 9946646205

1. ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

- മികച്ചതും വിശ്വസ്തവുമായ ഫലവൃക്ഷങ്ങൾ, നാണ്യവിള തൈകൾ, അലങ്കാര ചെടികൾ എന്നിവ ലഭ്യമാക്കി.
- വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളം, ജൈവകീട നാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തു.
- നഴ്സറി ബിഷപ്പ് ഹൗസിനു സമീപം പ്രവർത്തിക്കുന്നതിനാൽ കൂടുതൽ കർഷകർക്ക് സൗകര്യം ലഭിച്ചു.

2. ബയോഡൈവേഴ്സിറ്റി അഗ്രി ഫാം

- ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- വിവിധ വിളകളുടെ പരീക്ഷണ കൃഷിയും ജൈവ കാർഷിക രീതികളുടെ പ്രയോഗവും തുടരുന്നു.

3. കിസാൻഭാരത് വെബ് പോർട്ടൽ

- ഇടനിലക്കാരില്ലാതെ കർഷകർക്ക് സൗജന്യ ഓൺലൈൻ കാർഷിക മാർക്കറ്റിംഗ് പ്ലാറ്റ്ഫോം.
- കൂടുതൽ കർഷകർ ംംം.സശമെിയവമ്യമവേ.രീാ വഴി അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു.

4. കിസാൻ ലൈൻ സൗജന്യ കാർഷിക ഹെൽപ്പ് ലൈൻ

- ടോൾഫ്രീ നമ്പർ 1800425377 വഴി കർഷകർക്ക് സൗജന്യ കാർഷിക സഹായം. www.kisanline.com മുഖേനയും സേവനങ്ങൾ ലഭ്യമാക്കി.
- വിള സംരക്ഷണം, ജൈവകൃഷി, വിപണന മാർഗങ്ങൾ എന്നിവയിൽ ഉപദേശങ്ങൾ നൽകി.

ഫാ. തോമസ് പാറൻകുളങ്ങര
ഡയറക്ടർ, വികസനവേദി, എൽ.ഡി.എസ്.

ബഥാനിയാ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

അഖണ്ഡ ജപമാല സമർപ്പണ സമാപനം

ബഥാനിയായിലെ അഖണ്ഡ ജപമാല സമർപ്പണം ഏറ്റവും മനോഹരമായി പൂർത്തിയായി. 101 ദിവസങ്ങളിലും ഇടമുറിയാതെ ജപമാല ചൊല്ലി പ്രാർഥിക്കാൻ അനേകായിരങ്ങളാണ് ബഥാനിയാ യിൽ എത്തിച്ചേർന്നത്. നിരവധി ഇടവകകളിൽ നിന്നായി 24 മണിക്കൂറും വിശ്വാസികൾ ബഥാനിയായിൽ എത്തി പ്രാർഥിച്ചു മടങ്ങി. അഖണ്ഡ ജപമാല സമർപ്പണത്തിന്റെ രജത ജൂബിലി വർഷത്തിൽ എത്തിച്ചേർന്ന എല്ലാ വൈദികർക്കും ഇടവകാംഗ ങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഒക്ടോബർ 25 ന് നടന്ന അഖണ്ഡ ജപമാല സമർപ്പണ സമാപനത്തിന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ഉണ്ടായിരുന്നു. സ്നേഹ വിരുന്നോടെ ഈ വർഷത്തെ അഖണ്ഡ ജപമാല സമർപ്പണം സമാപിച്ചു. അഖണ്ഡ ജപമാല സമർപ്പണ നൂറാം ദിനം, ഒക്ടോബർ ഇരുപത്തിനാലാം തീയതി രാവിലെ പതിനൊന്നിന് ദിവ്യകാരുണ്യ ആരാധനയും വചനപ്രഘോഷണവും നടത്തപ്പെട്ടു. അന്നേ ദിനം പുല്ലൂരാംപാറ ഇടവക വികാരി ഫാ. കുര്യാക്കോസ് മുഖാലയിൽ വി. കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം 6:30 ന് മെഴുകുതിരികളേന്തി ജപമാല റാലിയും ദിവ്യകാരുണ്യ ആരാധനയും ബഥാനിയായിൽ നടത്തപ്പെട്ടു. തുടർന്ന് രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അനേകായിരങ്ങൾ സമാപന ദിവസങ്ങളിൽ ബഥാനിയായിൽ എത്തുകയും പ്രാർഥിച്ച് മടങ്ങുകയും ചെയ്തു.

ധ്യാനങ്ങൾ

ഒക്ടോബർ മാസം 10 മുതൽ 13 വരെ തീയതികളിൽ ബഥാനിയായിൽ ജീവിത നവീകരണ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിൽ അനേകം ആളുകൾ പങ്കെടുക്കുകയും ദൈവാനുഭവത്തോടെ മടങ്ങുകയും ചെയ്തു.

അടുത്ത മാസത്തെ ജീവിത നവീകരണ ധ്യാനങ്ങൾ നവംബർ 14 മുതൽ 17 വരെയും നവംബർ 28 മുതൽ ഡിസംബർ 1 വരെയും ആയിരിക്കും. നവംബർ മാസത്തിൽ പ്രത്യേകമായി സെമിനാരി വിദ്യാർഥികൾക്കും വിൻസന്റ് ഡി പോൾ പ്രവർത്തകർക്കും വേണ്ടിയുള്ള ധ്യാനങ്ങൾ ബഥാനിയായിൽ ക്രമീകരിച്ചിട്ടുണ്ട്.

ഏകദിന കൺവെൻഷൻ

ഒക്ടോബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയാ യിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാനും കൗൺസ

ലിംഗിനുമുള്ള ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജന പ്പെടുത്തി.

ആദ്യവെള്ളി കൺവെൻഷൻ

ഒക്ടോബർ മാസം മൂന്നാം തീയതി ആദ്യ വെള്ളിയാഴ്ച ശുശ്രൂഷകൾ ആവേ മരിയ ഹാളിൽ നടത്തപ്പെട്ടു. ആദ്യവെള്ളി ശുശ്രൂഷയിൽ അനേകമാളുകൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതിപ്പ്, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

വിശുദ്ധ കുർബാനയും കുമ്പസാരവും

അഖണ്ഡജപമാല ദിവസങ്ങളിൽ വിശുദ്ധ കുമ്പസാരത്തിനും കൗൺ സലിങ്ങിനുമുള്ള അവസരങ്ങൾ അനേകമാളുകൾ പ്രയോജന പ്പെടുത്തി. അഖണ്ഡ ജപമാല ദിവസങ്ങളിൽ അനേകായി രങ്ങളാണ് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും കുമ്പസാരത്തിനും വേണ്ടി ബഥാനിയായിൽ എത്തിച്ചേർന്നത്.

സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

നവംബർ മാസത്തിലെ ശുശ്രൂഷകൾ

7. ആദ്യവെള്ളി	:	ഏകദിന കൺവെൻഷൻ
08.	:	വിൻസന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾക്കുള്ള ധ്യാനം (8-9)
14. വെള്ളി	:	ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (14-17)
21. വെള്ളി	:	ഏകദിന കൺവെൻഷൻ സെമിനാരി വിദ്യാർഥികൾക്കുള്ള ധ്യാനം (21-25)
28. വെള്ളി	:	ഏകദിന കൺവെൻഷൻ ജീവിതവിശുദ്ധീകരണ ധ്യാനം (28 ഡിസംബർ-1)

ഫാ. റോണി പോൾ കാവിൽ
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

കരുണാഭവൻ

അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിന് ആശംസകൾ അറിയിച്ചു. അഭിവന്ദ്യ പിതാവ് അന്തേവാസികൾക്ക് വിരുന്ന് നൽകി.

ജപമാലമാസാചരണം സാഘോഷപൂർവം ആചരിച്ചു. കരുണാഭവനിലെ നിറ സാന്നിധ്യമായിരുന്ന ജേക്കബ് ചേട്ടന്റെ മരണം അന്തേവാസികളെ അതീവ ദുഃഖത്തിലാഴ്ത്തി. വിവിധ സംഘടനകളും വ്യക്തികളും കരുണാഭവൻ സന്ദർശിക്കുകയും ഭക്ഷണവും സാമ്പത്തികസഹായവും നൽകി. വി. ഫൗസ്റ്റീനയുടെ നാമധാരിയായ സി. സോഫിയ SD യുടെ തിരുനാൾ ആഘോഷിച്ചു.

ഫാ. സൈമൺ കിഴക്കേകുന്നേൽ
ഡയറക്ടർ, കരുണാഭവൻ

യേശുനിധി

2025 സെപ്റ്റംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

Education		
1	Adackakundu	15,000.00
2	Kariyathumpara	10,000.00
3	Kodanchery	12,000.00
4	Koodaranji	10,000.00
5	Koodaranji	10,000.00
6	Manjakunnu	15,000.00
7	Manjakunnu	12,000.00
8	Manjuvayal	10,000.00
9	Maruthomkara	15,000.00
10	Maruthomkara	15,000.00
11	Nenmeni	10,000.00
12	PT Chacko Nagar	15,000.00
Home		
13	Chathangottunada	15,000.00
14	Karuvarakundu	15,000.00
15	Pedikappara	10,000.00
16	Thazhekode	15,000.00
17	Venappara	10,000.00
Marriage		
18	Kariyathumpara	20,000.00
19	Koodaranji	20,000.00
20	Manjakunnu	20,000.00
21	Passukadave	20,000.00
Medical		
22	Anackampoil	10,000.00
23	Chakkittappara	15,000.00
24	Chappanthottam	12,000.00
25	Chundathumpoil	20,000.00
26	Kallanode	10,000.00
27	Kannoth	20,000.00
28	Karikandanpara	12,000.00
29	Karuvarakundu	10,000.00
30	Karuvarakundu	15,000.00
31	Koodaranji	15,000.00
32	Kottackal	15,000.00
33	Maramchatty	15,000.00
34	Maruthomkara	10,000.00
35	Muthukad	15,000.00
36	Oravampuram	8,000.00
37	Thamarassery	12,000.00
38	Thamarassery	10,000.00
39	Theyyappara	10,000.00
40	Thiruvambady	10,000.00
41	Thottumukkam	12,000.00
42	Vendakkumpoil	15,000.00
43	Vettilappara	10,000.00
44	Vettilappara	15,000.00
45	Vettilappara	15,000.00
46	Vilangad	12,000.00
Miscellaneous		
47	Chevayur	15,000.00
48	Koorachundu	15,000.00
49	Thazhekode	10,000.00
Total		**6,57,000.00**

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ

അജപാലനക്കുറിപ്പുകൾ

സെപ്റ്റംബർ

29 രാവിലെ, താമരശ്ശേരി ആരാധന സന്യാസിനിസമൂഹ പ്രവിശ്യാ ഭവനിൽ വി. കുർബാന അർപ്പിച്ചു.

താമരശ്ശേരി, റൂബി ജൂബിലിയോടനുബന്ധിച്ച് രൂപതാഭവൻ ജോൺപോൾ രണ്ടാമൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കർഷകരുടെ സംഗമത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാ ഭവനിൽ ചേർന്ന കുടുംബ കൂട്ടായ്മ കേന്ദ്ര ഭാരവാഹികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം, മുക്കം ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

30 രാവിലെ പുഷ്പഗിരി ഇടവകയിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

താമരശ്ശേരി രൂപതാഭവനിൽ, രൂപതയിലെ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, മുക്കം ഇടവകയിൽ നടന്ന ഹോം മിഷൻ പ്രോഗ്രാമിന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ചു. തുടർന്ന് കുടുംബകൂട്ടായ്മയുടെ രൂപതാതല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു,

താമരശ്ശേരി, പുല്ലാഞ്ഞിമേട് എം.എസ്.എഫ്.എസ്. സന്യാസഭവന ത്തിൽ നടന്ന സഭാംഗങ്ങളായ ബഹു. ജോസഫ് കിഴക്കേവീട്ടിൽ അച്ചന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ ജൂബിലിയോടും, ബഹു. ഷിബു ഏഴാനിക്കാട്ട് അച്ചന്റെ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലിയോടും അനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

ഒക്ടോബർ

1 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വിശുദ്ധറെമീജിയോസിന്റെയും, വിശുദ്ധ കൊച്ചുത്രേസ്യയുടെയും തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ വിശുദ്ധ റെമീജിയോസിന്റെയും,വിശുദ്ധ കൊച്ചുത്രേസ്യയുടെയും തിരുനാളിനോട് അനുബന്ധിച്ച്

സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയരംഗത്തെ വിശിഷ്ട വ്യക്തികൾക്കായി നടത്തിയ സ്നേഹവിരുന്നിൽ പങ്കുചേർന്നു.

2 രാവിലെ, തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ നടത്തിയ കെ.സി.വൈ.എം.-എസ്.എം.വൈ.എം. രൂപതാതല കലോത്സവം 'യുവ 2025' ഉദ്ഘാടനം ചെയ്തു.

ഈങ്ങാപ്പുഴ, ഗുഡ് ഷെപ്പേർഡ് സന്യാസിനിസമൂഹത്തിലെ നോവിസ് അമലഡ തൈലയിലിന്റെ പ്രഥമ വ്രതവാഗ്ദാനത്തിന് കാർമികത്വം വഹിച്ചു.

വൈകുന്നേരം, ഈസ്റ്റ് ഹിൽ ഇടവകയിലെ ശാന്തിനഗർ കോളനിയിൽ, വി. യൂദാ തദേവൂസിന്റെ നാമത്തിലുള്ള നവീകരിച്ച കപ്പേള വെഞ്ചരിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

3 രാവിലെ, കോടഞ്ചേരി ക്ലോയിസ്റ്റേർഡ് സന്യാസിനി ഭവന കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം, വെഴുപ്പൂർ എസ്.എ.ബി.എസ്. സന്യാസിനി സമൂഹത്തിലെ രണ്ട് സന്യാസിനികൾക്ക് രോഗിലേപനം നൽകുകയും ഭവനം വെഞ്ചരിക്കുകയും ചെയ്തു.

4 രാവിലെ, താമരശ്ശേരി സി.എം.സി. ചാവറ ഭവനിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

റൂബി ജൂബിലിയോടനുബന്ധിച്ച് മിഷൻലീഗ് സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ 'നാഴികകല്ല്' എന്ന റൂബി ജൂബിലി മെഗാ ഓൺലൈൻ സംഗമം ഉദ്ഘാടനം ചെയ്തു.

4-5 കൂരാച്ചുണ്ട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

6-11 സെന്റ് അൽഫോൻസ മിഷൻ പഞ്ചാബ്

6 താമരശ്ശേരി രൂപതയ്ക്ക് വേണ്ടി സത്ന സെന്റ് എഫ്രേം മേജർ സെമിനാരിയിൽ പരിശീലനത്തിലായിരിക്കുന്ന വൈദിക വിദ്യാർഥികളെയും അവിടെ സേവനം ചെയ്യുന്ന ബഹു. ഫിലിപ്പ് ചക്കുംമൂട്ടിൽ അച്ചനെയും സന്ദർശിച്ചു.

7 സത്ന സെന്റ് എഫ്രേം മേജർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

8 ഡൽഹി, ഫരീദാബാദ് രൂപതാഭവനിൽ അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവിനെ സന്ദർശിച്ചു.

9 താമരശ്ശേരി രൂപതയുടെ മിഷൻ പ്രദേശമായ പഞ്ചാബിലെ ബർണാല ജില്ലയിലെ ഥാപ എന്ന സ്ഥലത്ത് (സെന്റ് അൽഫോൻസ മിഷൻ) സന്ദർശനം നടത്തുകയും അജപാലന പ്രവർത്തനങ്ങൾ ഔദ്യോഗിക മായി ആരംഭിക്കുകയും ചെയ്തു.

10 രാവിലെ, തലശ്ശേരി-മാനന്തവാടി രൂപതകളുടെ നേതൃത്വത്തിൽ പഞ്ചാബിലുള്ള മിഷൻ കേന്ദ്രങ്ങളായ ബാരൻ, പാട്യാല, കോട്ടി, സിഘാന എന്നിവ സന്ദർശിച്ചു.

വൈകുന്നേരം, തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള മിഷൻ പ്രദേശമായ ബാരനിൽ ഏതാനും കുട്ടികൾക്ക് ആഘോഷ പൂർവമായി ദിവ്യകാരുണ്യം നൽകി.

11 പഞ്ചാബ് പ്രോവിൻസിലെ സി.എം.ഐ. സന്യാസ ഭവനം സന്ദർശിച്ചു.

12 വെട്ടത്തൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

13 രാവിലെ, താമരശ്ശേരി പ്രേഷിതാരം സന്യാസ ഭവന കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

രാവിലെ, പൂപ്പറമ്പ് സെന്റ് അൽഫോൻസോ മരിയ ഫുസ്കോ ഇടവകയിൽ, താമരശ്ശേരി രൂപത വൈദികനായ ബഹു. ജോസ് വടക്കേടം അച്ചന്റെ ഭവനത്തിൽ ചെന്ന് രോഗാവസ്ഥയിലാ യിരുന്ന മാതാവ് ഏലിക്കുട്ടി വടക്കേടത്തിനെ സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ്, നെല്ലിക്കുറ്റി ഇടവകയിൽ ബഹു. മാത്യു നെല്ലിക്കൽ അച്ചന്റെ പരേതയായ മാതാവ് റോസ നെല്ലിക്കലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

പാണത്തൂർ, എ.കെ.സി.സി. ഗ്ലോബൽ സമിതിയുടെ നേതൃത്വ ത്തിൽ, കാസർകോഡ് നിന്നും ആരംഭിച്ച് തിരുവനന്തപുരത്ത് ഒക്ടോബർ 24ന് സമാപിക്കുന്ന, അവകാശ സംരക്ഷണ യാത്ര ഉദ്ഘാടനം ചെയ്തു.

14 ചിറ്റാരിക്കാലിൽ, എ.കെ.സി.സി. ഗ്ലോബൽ സമിതിയുടെ നേതൃത്വ ത്തിൽ നടത്തുന്ന അവകാശ സംരക്ഷണ യാത്ര ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, പേരാവൂരിൽ എ.കെ.സി.സി. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന അവകാശ സംരക്ഷണ യാത്രയിൽ മുഖ്യ പ്രഭാഷണം നടത്തി.

15 രാവിലെ, രൂപതാഭവനിൽ താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാമത് പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

താമരശ്ശേരി രൂപതാഭവനിൽ വെച്ച്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എ. പൊളിറ്റിക്കൽ സയൻസിൽ ഒന്നാം റാങ്ക് നേടിയ തിരുവമ്പാടി ഇടവകാംഗമായ എസ്തർ ലിസ്ബത്തിന് മരിയൻ പ്രോലൈഫ് നൽകുന്ന സമ്മാനം വിതരണം ചെയ്തു.

ഉച്ചകഴിഞ്ഞ്, മരുതോങ്കര സെന്റ് മേരിസ് ഹൈസ്കൂളിലെ നവീകരിച്ച ഓഡിറ്റോറിയം വെഞ്ചരിച്ചു.

വൈകുന്നേരം, ചാത്തൻകോട്ടുനട ഇടവകയിൽ മതാധ്യാപ കരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

16 രാവിലെ, കോടഞ്ചേരി ഇടവകയിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകുകയും രണ്ടാമത്തെ കുഞ്ഞിന് ആഘോഷപൂർവകമായ ദിവ്യകാരുണ്യം നൽകുകയും ചെയ്തു.

വൈകുന്നേരം, തിരുവമ്പാടിയിൽ, എ.കെ.സി.സിയുടെ നേതൃത്വത്തിൽ ന ടക്കുന്ന അവകാശ സംരക്ഷണ റാലിയിൽ പങ്കെടുത്ത് അവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, പന്തല്ലൂർ ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

17 രാവിലെ, കോടഞ്ചേരി ഇടവക പള്ളിയിൽ, ക്ലാരിസ്റ്റ് സന്യാസ സമൂഹത്തിലെ പരേതയായ സി. ആനി ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ, ഇൻഫാം കേന്ദ്ര ഭാരവാഹികളുടെ സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചു.

കൂടത്തായി ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക്വേണ്ടി ക്ലാസ്സ് എടുത്തു.

18 രാവിലെ, കോട്ടുളി, ക്രിസ്തുദാസി ജനറലേറ്റിൽ, ദിവംഗതനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിന്റെ അനുസ്മര ണാർത്ഥം വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

സ്റ്റാർട്ട് അക്കാഡമിയിൽ പുതുതായി സ്ഥാപിച്ച സോളാർ പവർ പ്ലാന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

19 കല്യാൺ രൂപതയുടെ കത്തീഡ്രലിൽ, കല്യാൺ രൂപതയെ അതിരൂപതയായി പ്രഖ്യാപിക്കുന്നതും പ്രഥമ മെത്രാപ്പോലീത്ത യായി അഭിവന്ദ്യ സെബാസ്റ്റ്യൻ

വാണിയപ്പുരയ്ക്കൽ പിതാവിനെ നിയമിക്കുന്നതുമായ ചടങ്ങിൽ പങ്കെടുത്തു.

20 രാവിലെ, താമരശ്ശേരി, ആരാധന സന്യാസിനി സമൂഹ പ്രവിശ്യാ ഭവനിൽ ഒരു സന്യാസിനിയുടെ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മഞ്ചേരി ഇടവകയിൽ, മലപ്പുറം ഫോറോന കുടുംബ ക്കൂട്ടായ്മകളുടെ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പയ്യനാട് ഇടവകയിൽ പുതുതായി നിർമ്മിച്ച പരി. അമ്മയുടെ ഗ്രോട്ടോ വെഞ്ചരിച്ചു.

പയ്യനാട് ഇടവകയിൽ ജപമാല ആചരണത്തിന്റെ സമാപനത്തോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

21 രാവിലെ, തിരുവമ്പാടി കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ പ്രവിശ്യാ ഭവൻ കപ്പേളയിൽ ഏതാനും സന്യാസിനിമാരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കു കയും ചെയ്തു.

വൈകുന്നേരം, വടകര ഇടവകയിൽ മതാധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

22 രാവിലെ, പൂപ്പറമ്പ് സെന്റ് അൽഫോൻസോ മരിയ ഫുസ്കോ ഇടവകയിൽ, ബഹു. ജോസ് വടക്കേടം അച്ചന്റെ പരേതയായ മാതാവ് ഏലിക്കുട്ടി വടക്കേടത്തിന്റെ ഓർമ്മയ്ക്കായി വി. കുർബാന അർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

വൈകുന്നേരം, നൂറാംതോട് ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

23 രാവിലെ, വെറ്റിലപ്പാറ ഇടവക പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

24 തിരുവനന്തപുരത്ത്, എ.കെ.സി.സി. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ, കാസർകോഡ് നിന്നും ആരംഭിച്ച് തിരുവനന്ത പുരത്ത് സമാപിച്ച, അവകാശ സംരക്ഷണ യാത്രയുടെ സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

25 രാവിലെ, പുല്ലുരാംപാറ ബഥാനിയായിൽ നടന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനത്തോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

പുല്ലുരാംപാറ ഇടവകയിലെ ഒരു കുടുംബത്തിലെ ഒരു കുഞ്ഞിന് ആഘോഷപൂർവകമായ ദിവ്യകാരുണ്യം നൽകി.

26 രാവിലെ, കടലുണ്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, പി.എം.ഒ.സി. പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ മാനസിക സംഘർഷം അനുഭവിക്കുന്നവർക്ക് വിദഗ്ധരായ കൗൺസിലർമാരുടെ സേവനം സൗജന്യമായി നേടാൻ അവസരം ഒരുക്കുന്ന 'ഹോപ് ലൈൻ' പദ്ധതി ഉദ്ഘാടനം ചെയ്തു.

27-31 ആസ്ട്രേലിയയിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപതാംഗങ്ങളായ വൈദികരെ സന്ദർശിച്ചു.

POPE LEO XIV

DILEXI TE

ON 04 OCTOBER 2025

Jesus' disciples criticized the woman who poured costly perfumed oil on his head. They said: "Why this waste? For this ointment could have been sold for a large sum, and the money given to the poor." However, the Lord said to them in response: "You always have the poor with you, but you will not always have me" (Mt 26:8-9,11). That woman saw in Jesus the lowly and suffering Messiah on whom she could pour out all her love. What comfort that anointing must have brought to the very head that within a few days would be pierced by thorns! It was a small gesture, of course, but those who suffer know how great even a small gesture of affection can be, and how much relief it can bring. Jesus understood this and told the disciples that the memory of her gesture would endure: "Wherever this good news is proclaimed in the whole world, what she has done will be told in remembrance of her" (Mt 26:13). The simplicity of that woman's gesture speaks volumes. No sign of affection, even the smallest, will ever be forgotten, especially if it is shown to those who are suffering, lonely or in need, as was the Lord at that time.

5. Love for the Lord, then, is one with love for the poor. The same Jesus who tells us, "The poor you will always have with you" (Mt 26:11), also promises the disciples: "I am with you always" (Mt 28:20). We likewise think of his saying: "Just as you did it to one of the least of these brothers and sisters of mine, you did it to me" (Mt 25:40). This is not a matter of mere human kindness but a revelation: contact with those who are lowly and powerless is a fundamental way of encountering the Lord of history. In the poor, he continues to speak to us.

THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-10-2025 |

ജയ് ജയ് ക്രിസ്തുരാജൻ

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 11, November 2025, Pages 66.